MUL
051118

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number LAOQ:414 32F4

Accession Number

Available for loan from

This book should be returned on or before the date last marked below.

O61

ശ്രീ

# ധന്വന്തരികല്പം


പ്രസാധകൻ

വടക്കേപ്പാട്ട് നാരായണൻ നായർ

ടവണ്ണൂർ



(പകർപ്പവകാശം പ്രസാധകനിൽ)



കോട്ടക്കൽ

ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

1099



UNIVERSITY LIBRARY MADRAS 29 APR. 1929

LAOQ:414

32F4

ST1118

APR 1959 MADRAS

# അവതാരിക

ആയുർവ്വേദാധിദൈവതമായ ധന്വന്തരിഭഗവാന്റെ പൂജയും ധന്വന്തരിവ്രതവും ഹിന്തുക്കൾ ആയുസ്സിന്നും ആരോഗ്യത്തിന്നുംവേണ്ടി അനുഷ്ഠിച്ചുവന്നിരുന്ന ഒരു പുണ്യകർമ്മമാകുന്നു. പ്രത്യേകിച്ചും ആയുർവ്വേദവൈദ്യന്മാർ ചികിത്സയിൽ ഫലസിദ്ധിക്കത്യാവശ്യമായ ഈശ്വരാനുഗ്രഹത്തിന്നായി ശ്രീധന്വന്തരിയെ ഉപാസിക്കുന്നതു് പണ്ടൊക്കെ സാധാരണയായിരുന്നു. ഈയിടെയായി ഈ സമ്പ്രദായം കുറഞ്ഞുപോയി. അതുകൊണ്ടു ആയുർവ്വേദത്തിന്റെ പ്രതിഷ്ഠക്കും വൈദ്യന്മാരുടെ പ്രചാരത്തിന്നും തട്ടീട്ടുള്ള ന്യൂനത പ്രത്യക്ഷവുമാണല്ലോ. പുരാതനമായ മേല്പറഞ്ഞ സമ്പ്രദായത്തെ പുനർജ്ജീവിപ്പിച്ചു് നാട്ടുകാരും വിശിഷ്യ വൈദ്യന്മാരും അനുഷ്ഠിക്കേണ്ടതാണെന്നും, ധന്വന്തരിയുടെ അവതാരദിനമായ ആശ്വയുജകൃഷ്ണപക്ഷത്രയോദശിദിവസം "ധന്വന്തരിജയന്തി" ആഘോഷിക്കേണ്ടതാണെന്നും ഏതാനും സംവത്സരങ്ങൾക്കുമുമ്പു നിഖിലഭാരതീയായുർവ്വേദമഹാമണ്ഡലം തീർച്ചപ്പെടുത്തുകയുണ്ടായി. തദനുസരണം ഇന്ത്യയിൽ പലേടങ്ങളിലും ധന്വന്തരിജയന്തി ആഘോഷിച്ചുവരുന്നുമുണ്ടു്.

നിഖിലഭാരതീയായുർവ്വേദമഹാമണ്ഡലത്തിന്റെ കേരളസംസ്ഥാനകാര്യദർശിയുടെ നിലയിൽ ഞാൻ മൂന്നുനാലു സംവത്സരങ്ങൾക്കുമുമ്പു് ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും, മലയാളികളായ വൈദ്യന്മാരും ധന്വന്തരിജയന്തി കൊണ്ടാടേണമെന്നപേക്ഷിക്കുകയും ചെയ്തതിന്നനുസരിച്ചു് ചിലർ ധന്വന്തരിജയന്തിദിവസം വ്രതവും പൂജയും അനുഷ്ഠിച്ചുവരുന്നുണ്ടു്. എന്നാൽ ഈ സമ്പ്രദായം ഇപ്പോൾ ഈ രാജ്യത്തു നല്ലവണ്ണം നടപ്പില്ലാത്തതുകൊണ്ടു വ്രതത്തിന്നും പൂജക്കും ശരിയായ വിധി എന്താണെന്നു പലരും എന്നോടു ചോദിക്കുകയുണ്ടായി. അതിന്നു പൂർണ്ണമായ ഒരു വിവരണം പ്രസിദ്ധപ്പെടുത്തുവാൻ തല്ക്കാലം സാധിച്ചില്ല. ഈ ആവശ്യത്തിന്നായി ബങ്കളൂർ 'വൈദ്യ

സിന്ധു് ആപ്പ്രസിൽനിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു പുസ്തകവും മദിരാശി ഓറിയൻടൽ ലൈബ്രറിയിൽനിന്നു ചില പഴയ ഗ്രന്ഥങ്ങളും വരുത്തിവെച്ചിരുന്നു. എന്നാൽ പലവിധമായ തിരക്കുകളാൽ അവയെല്ലാം നോക്കി മലയാളത്തിൽ വിവരണത്തോടുകൂടി എഴുതിത്തീക്കുവാൻ ഇതേവരെ സൌകര്യപ്പെട്ടില്ല. ഇപ്പോൾ ഈ തുലാമാസം 20-ാംനു- വരുന്ന ധന്വന്തരിജയന്തിക്കുമുമ്പു പുസ്തകം വെളിക്കിറക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു വിചാരിച്ചു് ഇതിങ്ങിനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഈ വിഷയത്തിൽ ഉത്സാഹിച്ചു ഇതിനെ ഈവിധത്തിൽ എഴുതിത്തയ്യാറാക്കുകയും, പ്രത്യേകിച്ചു് ഇതിൽ ചേൎത്തിട്ടുള്ള ധന്വന്തരിവ്രതകഥക്കു മലയാളത്തിൽ സാരം എഴുതുകയും ചെയ്തിട്ടുള്ള എന്റെ ശിഷ്യൻ ആയുഷ്മാൻ എ. കുഞ്ഞികൃഷ്ണമേനോനാണെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഏറ്റവും ബദ്ധപ്പെട്ടു പുസ്തകം അച്ചടിപ്പിക്കേണ്ടിവന്നതുകൊണ്ടു് ഈ ഗ്രന്ഥം വിചാരിച്ചേടത്തോളം നല്ല നിലയിലാക്കിത്തീക്കാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല കുറച്ചു പ്രതികൾ മാത്രമേ ഇപ്പോൾ അച്ചടിച്ചിട്ടുമുള്ളൂ. അതുകൊണ്ടു് അടുത്തു് ഇതിന്നൊരു രണ്ടാംപതിപ്പിന്നിടവന്നാൽ വേണ്ടതായ ഭേദഗതികൾ ചെയ്തുകൊള്ളാമെന്നാണു് വിചാരിച്ചിട്ടുള്ളതു്. ധന്വന്തരിജയന്തി കൊണ്ടാടേണമെന്നാഗ്രഹിക്കുന്ന മഹാജനങ്ങൾക്കും വൈദ്യന്മാക്കും തൽക്കാലം ഇതുപകാരപ്രദമാകുമെന്നാശംസിക്കുന്നു.

ഈ പുസ്തകത്തെ എത്രയുംവേഗത്തിൽ ഭംഗിയായി ഇങ്ങിനെ അച്ചടിച്ചുതന്നതിന്നു കോട്ടക്കൽ "ധന്വന്തരി" മാനേജര ശ്രീമാൻ പി. വി. കൃഷ്ണവാരിയരവർകളോടു ഞാൻ ഹൃദയപൂൎവ്വം നന്ദിപറയുന്നു. എന്നു്

വടവന്നൂർ
99-തുലാം 8-ാംനു-

വിധേയൻ
വി. നാരായണൻനായർ.

24 APR 1979 LIBRARY MADRAS

ഓം

ശ്രീധന്വന്തരയേ നമഃ

# ശ്രീധന്വന്തരിപൂജാകല്പം

ആശ്വിനമാസത്തിൽ കറുത്തപക്ഷത്തിലെ ത്രയോദശിദിവസം (തുലാമാസത്തിൽ ദീപാവലിക്ക് അടുത്തുമുമ്പുള്ള ത്രയോദശി—ഇതിന്നു ധനത്രയോദശി എന്നും പറയാറുണ്ട്.) രാവിലെ നേരത്തെ എഴുന്നേററ് ആവശ്യകർമ്മങ്ങൾ നിർവ്വഹിച്ചശേഷം പുണ്യനദിയിലൊ മറേറാ വിധിപൂർവ്വകം സ്നാനംചെയ്തു് കോടി ഇണമുണ്ടുടുത്തു ഭക്തിപൂർവ്വം ഗുരൂപദേശപ്രകാരം ധന്വന്തരിഭഗവാനെ ധ്യാനിച്ചുകൊണ്ടും,

"കരിഷ്യാമി വ്രതം ദേവ ത്വൽഭക്തസ്ത്വൽപരായണഃ
ശ്രിയം ദേഹി ജയം ദേഹി ആരോഗ്യം ദേഹി മേ പ്രഭോ"

എന്ന മന്ത്രം ജപിച്ച് മനസ്സുകൊണ്ടു പ്രാർത്ഥിച്ചുകൊണ്ടും ഗൃഹത്തിലേക്കു മടങ്ങുക. അനന്തരം കാലും മുഖവും ശുദ്ധിചെയ്ത് ആചമനംചെയ്യണം.

തൂഷ്ണീം ദ്വിരാചമനം—"ഓം ഋഗ്വേദായ സ്വാഹാ. യജുർവ്വേദായ സ്വാഹാ. സാമവേദായ സ്വാഹാ. അഥർവ്വവേദായ നമഃ" എന്നു രണ്ടുപ്രാശ്യം ജപിച്ച് രണ്ടുപ്രാവശ്യം ജലംകൊണ്ട് ആചമിക്കുക.

പിന്നെ പ്രാണായാമം ചെയ്യുക—മൂന്നുവിരൽകൊണ്ടു മൂക്കു പൊത്തി 12 ഉരു പ്രണവം ജപിക്കയും, അപ്പോൾ പ്രാണനെ അടക്കുകയും ചെയ്യുന്നതാകുന്നു സാധാരണപ്രാണായാമം.

അനന്തരം സങ്കല്പം—"സ്വസ്തി ശ്രീകൃഷ്ണകൃഷ്ണാദ്യഭഗവതോ മഹാപുരുഷസ്യ വാസുദേവസ്യ വിഷ്ണോരാജ്ഞയാ പ്രവർത്തമാനസ്യ അദ്യ ബ്രഹ്മണൊ ദ്വിതീയാപരാർദ്ധേ ശ്വേതവരാഹ

കല്പേ വൈവസ്വതമന്വന്തരേ കലിയുഗേ പ്രഥമപാദേ ജംബൂദ്വീപേ ഭാരതവർഷേ ഭാരതഖണ്ഡേ മേരോർദ്ദക്ഷിണപാർശ്വേ കേരളമണ്ഡലേ പരശുരാമക്ഷേത്രേ *..................ശകാബ്ദേ അസ്മിൻ വർത്തമാനവ്യാവഹാരികേ............ വാസരയുക്തായാമേവംഗുണവിശേഷണവിശിഷ്ടായാം,..........ശുഭയോഗശുഭകരണശുഭനക്ഷത്രയുക്തായാം ത്രയോദശ്യാം ശുഭതിഥൗ അസ്മാകം സഹകുടുംബാനാം ക്ഷേമസ്ഥൈര്യവിജയായുരാരോഗ്യൈശ്വര്യാഭിവൃദ്ധ്യർത്ഥം സമസ്തരോഗപരിഹാരദ്വാരാ ധർമ്മാർത്ഥകാമമോക്ഷചതുർവ്വിധപുരുഷാർത്ഥസിദ്ധ്യർത്ഥം ശ്രീധന്വന്തരിമുദ്ദിശ്യ ശ്രീധന്വന്തരിപ്രീത്യർത്ഥം ശ്രീമദ് ഗാരുഡപുരാണോക്തപ്രകാരേണ ശ്രീധന്വന്തരിവ്രതമഹം കരിഷ്യേ" എന്നു സങ്കല്പിച്ച് പതിമൂന്നു പിരിയുള്ള മഞ്ഞച്ചരടുകൊണ്ട് താഴെ കാണിക്കുന്ന മന്ത്രം ജപിച്ച് വലത്തെക്കയ്യിൽ കാപ്പുകെട്ടുക.

അതിനുള്ള മന്ത്രം—

"ധന്വന്തരേ മഹാഭാഗ ജരാരോഗനിവാരക
ദോരരൂപേണ മാം പാഹി സകുടുംബം ദയാനിധേ,
ആധിവ്യാധിജരാമൃത്യുഭയാദസ്മാദഹർന്നിശം
പീഡ്യമാനം ദേവദേവ രക്ഷ മാം ശരണാഗതം."
"രോഗാഖ്യസാഗരതടേഷു സുഖം വിഹർത്തും
വാഞ്ഛന്തി യേ നൃപകുലോത്തമമർത്ത്യവർഗ്ഗാഃ
സംപൂജ്യ പാദിപുരുഷം നിഖിലാമയഘ്നം
ബധ്നന്തി ദക്ഷിണകരേ വരദോരകം മേ."

* ഇവിടെ ശകാബ്ദത്തിന്റെ പേരാകുന്നു ചേർക്കേണ്ടത്. ഓരോ സംവത്സരത്തിന്റെയും ശകാബ്ദസംഖ്യ പഞ്ചാംഗത്തിൽനിന്നു ഗ്രഹിക്കാവുന്നതാകുന്നു. ഈക്കൊല്ലത്തെ ശകാബ്ദസംഖ്യ 1846 ആകുന്നു. അതുകൊണ്ടു "ഷട്ചത്വാരിംശദധികാഷ്ടാദശശതതമേ" എന്നാണ് ഈക്കൊല്ലത്തിൽ ചേർക്കേണ്ടത്.

പിന്നെ ദോരകദാനം—

"ചതുർല്ലോകഹിതാർത്ഥായ ആയുർവ്വേദാഭിവൃദ്ധയേ
ജരാമരണനാശായ മാനവാനാം ഹിതായ ച
ദുഷ്ടാനാം നിധനായാഥ ജാത ധന്വന്തരേ പ്രഭോ
ഗൃഹാണാർഘ്യം മയാ ദത്തം ദേവദേവ കൃപാകര."
"ധന്വന്തരിഃ പ്രതിഗൃഹീതാ ദാതാ ധന്വന്തരിസ്തഥാ
പാതാ ധന്വന്തരിർന്നിത്യം നമസ്തസ്മൈ മഹാത്മനേ."

എന്ന മന്ത്രപൂർവ്വം ഒരു ബ്രാഹ്മണന്നു യഥാശക്തി ദാനംചെയ്യുക. ഇങ്ങിനെ വ്രതദീക്ഷിതനായിട്ട് അന്നു പകൽമുഴുവനും ഉപവാസം ചെയ്കയും, മന്ത്രജപംകൊണ്ടും സ്തോത്രപാരായണം കൊണ്ടും സമയം കഴിക്കുകയും വേണം. സ്തോത്രങ്ങൾ മറ്റൊരേടത്തു ചേർത്തിട്ടുണ്ട്. ജപത്തിന്നു ഗുരൂപദിഷ്ടമായ ഏതു ധന്വന്തരിമന്ത്രവും ആവാം. ഇവിടെ മാലാമന്ത്രത്തെ മാത്രം പ്രസ്താവിക്കുന്നു.

"അസ്യ ശ്രീധന്വന്തരിമാലാമഹാമന്ത്രസ്യ ഭരദ്വാജഋഷിഃ—ഗായത്രീ ഛന്ദഃ—ധന്വന്തരിർദ്ദേവതാ. ശ്രീധന്വന്തരിപ്രസാദസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ—

ഹ്രാം അംഗുഷ്ഠാഭ്യാം നമഃ — ഹ്രാം ഹൃദയായ നമഃ.
ഹ്രീം തർജ്ജനീഭ്യാം സ്വാഹാ — ഹ്രീം ശിരസേ സ്വാഹാ
ഹ്രൂം മദ്ധ്യമാഭ്യാം വഷട് — ഹ്രൂം ശിഖായൈ വഷട്
ഹ്രൈം അനാമികാഭ്യാം ഹും — ഹ്രൈം കവചായ ഹും
ഹ്രൗം കനിഷ്ഠികാഭ്യാം വൗഷട — ഹ്രൗം നേത്രത്രയായ വൗഷട
ഹ്രഃ കരതലകരപൃഷ്ഠാഭ്യാം ഫട് — ഹ്രഃ അസ്ത്രായഫട്.

എന്നിങ്ങിനെ കരന്യാസവും അംഗന്യാസവുംചെയ്ത് "ഓം ഭൂർഭുവഃ സ്വരോം നമഃ" എന്നു ജപിച്ച് ദിഗ്ബന്ധം ചെയ്യണം.

ധ്യാനം—"നമാമി ധന്വന്തരിമാദിദേവം
സുരാസുരൈർവ്വന്ദിതപാദപത്മം

ലോകേ ജരാരുഗ്ഭയമൃത്യുനാശം
ദാതാരമീശം വിവിധൌഷധീനാം.”

എന്നു ധ്യാനിച്ചുശേഷം,

മൂലമന്ത്രം “ഓം ഹ്രാം ഹ്രീം ഹ്രൂം ധന്വന്തരയേ നമഃ സ്വാഹാ” എന്നു ജപിക്കണം.

(ഋഷിഛന്ദസ്സുകൾ ആദ്യം ഒരിക്കൽ മതി. ധ്യാനം ഇടക്കിടെ വേണം). മൂലമന്ത്രം 1008 ഉരുവോ, യഥാശക്തി അതിലധികമോ ജപിച്ചു രണ്ടാമതും മേൽപ്രകാരം ന്യാസംചെയ്ത് ജപത്ത ദേവന്നായിക്കൊണ്ടു സമർപ്പിക്കുക.

“ഭ്രമൌ സ്ഖലിതപാദാനാം ഭൂമിരേവാവലംബനം
ത്വയി ജാതാപരാധാനാം ത്വമേവ ശരണം പ്രഭോ.”

എന്ന് അവസാനത്തിൽ ജപിക്കുക. പിന്നെ യഥാശക്തി സ്തോത്രപാരായണം ചെയ്യുക. ഇങ്ങിനെ പകൽമുഴുവനും കഴിക്കുകയും, സന്ധ്യക്കുമുമ്പായിത്തന്നെ പൂജക്കുവേണ്ടുന്ന സാമാനങ്ങളൊക്കെ ഒരുക്കിവെക്കുകയും വേണം.

പൂജയ്ക്കൊരുക്കേണ്ടുന്നസാധനങ്ങൾ.

1. ഒരു ചെറിയ ചെമ്പുകലശം
2. ശംഖം.
3. ധന്വന്തരിപ്രതിമ.
4. കർപ്പൂരം.
5. സാമ്പ്രാണിപൊടിച്ചത്.
6. ചന്ദനം.
7. ധൂപക്കാൽ.
8. കൊടിവിളക്ക്.
9. നിലവിളക്ക്.
10. പഞ്ചദളത്തിരി.
11. കർപ്പൂരത്തട്ട്.

12. ഉണങ്ങലരി.

13. പഴം.

14. നാളികേരം.

15. പഞ്ചാമൃതം.

16. കോടി ഇണവസ്ത്രം.

17. പൂണുനൂൽ.

18. മഞ്ഞൾപ്പൊടി.

19. പുഷ്പമാല.

20. നൂൽത്തിരികൾ.

21. കാരാംപശുവിൻനെയ്യ്.

22. താംബൂലം.

23. കസ്തൂരി, കുങ്കുമപ്പൂവ്, പച്ചക്കർപ്പൂരം ഇവ കൂട്ടിഅരച്ചുണ്ടാക്കിയ ചന്ദനം വേറെ പാത്രത്തിൽ.

24. പുഷ്പങ്ങൾ—ജമന്തി, ചമ്പകം, പിച്ചകം, പാരിജാതം, എരഞ്ഞി, പാതിരി, പുന്നപ്പൂ, നാഗപ്പൂ, അലരിപ്പൂ, മല്ലിക, കൈതപ്പൂ, പാരിജാതപുഷ്പം, താമരപ്പൂ, മന്ദാരം എന്നിവ.

25. ഇലകൾ—തുളസി, പിച്ചകത്തിന്നില, മന്ദാരത്തിന്നില, വില്വത്തിന്നില, വിഷ്ണുക്രാന്തിയില, ജമന്തിയില, ദേവതാരത്തിന്നില, കർപ്പൂരത്തുളസിയില, മദനപത്രം (?) പേരാലിന്നില, അരയാലിന്നില, വാഴയില, ഭൂർജ്ജമരത്തിന്നില, കടലാടിയില.

26. സുവർണ്ണപുഷ്പം.

27. ഏലം, ലവംഗം, പച്ചക്കർപ്പൂരം, അടക്ക; കരാമ്പൂ, ജാതിപത്രി.

28. നിവേദ്യം. (1) രണ്ടിടങ്ങഴി ഗോതമ്പപൊടി നാലിടങ്ങഴി പാലിൽ വേവിച്ച് എട്ടിടങ്ങഴി നെയ്യും പന്ത്രണ്ടിടങ്ങഴി പഞ്ചസാരയും കലർന്നുകുറുക്കി കൊഴുത്തുപാകമാക്കു

മ്പോൾ പച്ചക്കർപ്പൂരം കുങ്കുമപ്പൂവ് ഏലത്തരി ലവംഗപ്പട്ട ഇവ പൊടിച്ചിട്ട് മുന്തിരിങ്ങപ്പഴവും ബദാംപരിപ്പും ചേർത്ത് ഇളക്കി വാങ്ങിവെക്കുക. ഇതിന്നുപുറമെ (2) ചതുർവ്വിധമായ അന്നം (3) ആറു രസങ്ങളുമുള്ള വ്യഞ്ജനങ്ങൾ. (4) പലഹാരങ്ങൾ.

29. പാട്ടും കളിയും വാദ്യവും; കുട, തഴ മുതലായവയും ശക്തിപോലെ.

മേലെഴുതിയ സാമാനങ്ങൾ തികച്ചു കിട്ടാതെവന്നാൽ ഉള്ളതിനെക്കൊണ്ടു പൂജനടത്താം. എന്നാൽ കിട്ടാത്തദ്രവ്യങ്ങളെ സങ്കല്പിച്ചു മന്ത്രം ജപിക്കയും ധ്യാനിക്കയും ആവശ്യമാണ്. നിവേദ്യങ്ങളുടെ അളവും കണക്കും ശക്തിപോലെ വ്യത്യാസപ്പെടുത്താവുന്നതാണെങ്കിലും തോതുമാത്രം മാററിക്കൂടാത്തതാണ്.

സായാഹ്നത്തിൽ സ്നാനാചമനാദികൾ കഴിഞ്ഞ് പൂജ ആരംഭിക്കുക. ധന്വന്തരിഭഗവാന്റെ അവതാരം രാത്രിആദ്യത്തെ യാമത്തിലാകയാൽ സന്ധ്യക്കുശേഷം പൂജതുടങ്ങുകയും, ഏഴരനാഴികക്കുള്ളിൽ അവസാനിപ്പിക്കുകയും വേണം. ശിലാലോഹാദികളിലേതെങ്കിലുമൊന്നുകൊണ്ടുണ്ടാക്കിയ ധന്വന്തരിപ്രതിമയായിരിക്കും പൂജക്ക് അധികം നല്ലത്. അതു സാധിക്കാത്തപക്ഷം സ്വസ്തികപത്മമിട്ടിട്ടുമാവാം. പൂജക്കു വേണ്ടുന്ന സംഭാരങ്ങളൊക്കെ ഒരുക്കിവെച്ചു പൂജാഗൃഹത്തിൽ കടന്നു ശുദ്ധവും സുഖവുമായ ഒരു ആസനമിട്ട് അതിന്മേൽ ദേവാഭിമുഖമായിരുന്ന് "ഗം ഗണപതയേ നമഃ" എന്നു വലത്തും, "ഗും ഗുരുഭ്യോ നമഃ" എന്നിടത്തും, "ഓം പരമാത്മനേ നമഃ" എന്നു മദ്ധ്യത്തിലും തൊഴുക. പിന്നെ ഋഷി ഛന്ദസ്സു മുതലായവയോടുകൂടി 108 ഉരു മൂലമന്ത്രം ജപിക്കുക.

അനന്തരം കലശപൂജാ:—ഒരു ചെമ്പുകലശത്തിൽ ശുദ്ധജലം നിറച്ച് ഇടത്തു ജലംപ്രോക്ഷിച്ച് ഗന്ധംതൊട്ട് ഒരു പുഷ്പംവെച്ച് അവിടെ കലശംസ്ഥാപിച്ച് രണ്ടുകൈകൊണ്ടും അടച്ച്

"ഓം—ഗംഗേ! ച യമുനേ! ചൈവ ഗോദാവരി! സരസ്വതി! നർമ്മദേ! സിന്ധു! കാവേരി! ജലേസ്മിൻ സന്നിധിം കുരു".

എന്നു ജപിച്ച് "ഗാം ഗംഗായൈ നമഃ, സം സരസ്വത്യൈ നമഃ" എന്നിങ്ങിനെ ജലഗന്ധപുഷ്പധൂപദീപങ്ങൾ സമർപ്പിക്കുക. പിന്നെ പുഷ്പാക്ഷതങ്ങൾ കയ്യിലെടുത്ത് "ഓം കലശദേവതാഭ്യോനമഃ" എന്നു ജപിച്ച് കലശത്തിലർപ്പിച്ചു തൊഴുക.

പിന്നെ ശംഖപൂജ—വലത്തുഭാഗത്തു പ്രോക്ഷിച്ച് ഗന്ധംതൊട്ടു പുഷ്പംവെച്ച് ശംഖും കാലും കഴുകി അവിടെ സ്ഥാപിച്ച് പ്രധാനകലശത്തിൽനിന്നു ജലാദികളർപ്പിക്കുക. പിന്നെ പ്രധാനകലശത്തിൽനിന്നു ജലം മുക്കിവെക്കുക.

"ശംഖേചന്ദ്രാർക്കദൈവത്യഃ മദ്ധ്യേ വരുണദൈവതഃ
പൃഷ്ഠേ പ്രജാപതിസ്സൂത്ര അഗ്രേ ഗംഗാസരസ്വതീ"

"പാഞ്ചജന്യായ വിദ്മഹേ പത്മഗർഭായ ധീമഹി തന്നഃ ശംഖഃ പ്രചോദയാൽ" എന്നു ജപിച്ച് "ശുദ്ധോദകം തീർത്ഥമാവാഹയാമി" എന്ന് ആവാഹിച്ച് ജലഗന്ധാദികളർപ്പിച്ച് ശംഖമുദ്ര കാണിക്കുക.

പിന്നെ മൂർത്തിയിങ്കൽ പ്രാണപ്രതിഷ്ഠയും ജീവപ്രതിഷ്ഠയും ചെയ്യുക.

അതിന്നുള്ള മന്ത്രം—"ഓം പ്രാണായ പ്രാണരൂപായ പ്രാണലിംഗായ പ്രാണപ്രതിഷ്ഠായ സ്വാഹാ. ജീവായ ജീവരൂപായ ജീവലിംഗായ ജീവപ്രതിഷ്ഠായ സ്വാഹാ."

പിന്നെ ഗുരൂപദേശപ്രകാരം ന്യാസാദികൾ ചെയ്തിട്ടു താഴെ പറയുന്നവിധം പഞ്ചപൂജ ചെയ്യണം.

ലം അബാത്മനേ ജലം കല്പയാമി.
വം പൃഥിവ്യാത്മനേ ഗന്ധം കല്പയാമി.
ഹം ആകാശാത്മനേ പുഷ്പം കല്പയാമി.
യം വായ്വാത്മനേ ധൂപം കല്പയാമി.

ഓം അഗ്ന്യാത്മനേ ദീപം കല്പയാമി.

ഓം അമൃതാത്മനേ ആനന്ദനിവേദ്യം കല്പയാമി.

അനന്തരം യഥാവിധി നേത്രോന്മീലനംചെയ്തിട്ട് പൂജ ആരംഭിക്കുക.

1. "ഓം സഹസ്രശീർഷാപുരുഷഃ സഹസ്രാക്ഷഃസഹസ്രപാൽ
സ ഭൂമിം വിശ്വതോ വൃത്വാ അത്യതിഷ്ഠദ്ദശാംഗുലം.
ചതുർഭുജം പീതവസ്ത്രം സർവ്വാലങ്കാരശോഭിതം
ധ്യായേ ധന്വന്തരിം ദേവം സുരാസുരനമസ്കൃതം.
ധ്യായാമി"—എന്നു ധ്യാനം.

2. "സർവ്വലോകപരിത്രാണദീക്ഷാദീക്ഷിതമവ്യയം
ആവാഹയാമി ലോകേശം പീയൂഷാഞ്ചിതഹസ്തകം
ആവാഹയാമി"—എന്ന് ആവാഹനം.

3. "ഓം പുരുഷഏവേദം സർവ്വം യൽഭൂതം യച്ച ഭവ്യം
ഉതാമൃതത്വസ്യേശാനഃ യദന്നേനാതിരോഹതി
വിചിത്രരത്നഖചിതകാഞ്ചനസ്വരവിനിർമ്മിതം
ഗൃഹാണേദം മഹാസ്വാമിൻ ആസനം മൃദുലം ശുഭം
ആസനം സമർപ്പയാമി" എന്ന് ആസനം സമർപ്പിക്കുക.

4. "ഓം ഏതാവാനസ്യ മഹിമാ അതോ ജ്യായാംശ്ച പൂരുഷഃ
പാദോസ്യ വിശ്വാഭൂതാനി ത്രിപാദസ്യാമൃതം ദിവി
ഗംഗാദിസർവ്വതീർത്ഥേഭ്യോ മയാ നീതം ശുഭോദകം
തോയമേതത്സുഖസ്പർശം പാദ്യാർത്ഥം പ്രതിഗൃഹ്യതാം.
പാദ്യം സമർപ്പയാമി"—എന്നു പാദ്യം.

5. "ഓം ത്രിപാദൂർധ്വ ഉദൈൽപുരുഷഃ പാദോസ്യേഹാഭവൽ പുനഃ
തതോ വിശ്വം വ്യക്രാമൽ സാശനാശനേ അഭി.
അർഘ്യം ച ഫലസംയുക്തം ഗന്ധപുഷ്പാക്ഷതൈർയുതം
അനാഥനാഥ സർവ്വജ്ഞ ഗൃഹാണ കരുണാനിധേ.
അർഘ്യം സമർപ്പയാമി" എന്ന് അർഘ്യം.

6. "തസ്മാദ്വിരാഡജായത വിരാജോ അധിപൂരുഷഃ
സ ജാതോ അത്യരിച്യത പശ്ചാൽഭൂമിമഥോ പുരഃ
മന്ദാകിന്യാസ്സമാനീതം സുവർണ്ണകലശേ സ്ഥിതം
ആചമ്യതാം ദേവദേവ സുഗന്ധവിമലം ജലം.
ആചമനീയം സമർപ്പയാമി"—എന്ന് ആചമനീയം.

7. "ഓം യൽ പുരുഷേണ ഹവിഷാ ദേവായജ്ഞമതന്വത
വസന്തോ അസ്യാസീദാജ്യം ഗ്രീഷ്മ ഇദ്ധ്മശ്ശരദ്ധവിഃ
ഗംഗാസരസ്വതീരേവാകാവേരീഭ്യസ്സമാഹൃതം
തോയമേതത്സുഖസ്പർശം സ്നാനാർത്ഥം പ്രതിഗൃഹ്യതാം"
(ഇവിടെ "ആപ്യായസ്വ" ഇത്യാദി മന്ത്രങ്ങളെക്കൊണ്ടു പഞ്ചാമൃതസ്നാനം സമർപ്പിച്ചിട്ടു പിന്നെ ശുദ്ധോദക സ്നാനം സമർപ്പിക്കണം)

8. "ഓം സപ്താസ്യാസൻ പരിധയഃ ത്രിസ്സപ്തസമിധഃ കൃതാഃ
ദേവായദ്യജ്ഞം തന്വാനാഃ അബധ്നൻ പുരുഷം പശും
വസ്ത്രം ച സോമദൈവത്യം ലജ്ജായാസ്തു നിവാരണം
ദേഹാലങ്കരണം ദേവ ഗൃഹാണ വരദോ ഭവ.
വസ്ത്രയുഗ്മം സമർപ്പയാമി" എന്നു വസ്ത്രം സമർപ്പിക്കുക.

9. "ഓം തം യജ്ഞം ബർഹിഷി പ്രൌക്ഷൻ പുരുഷം ജാതമഗ്ര
തേന ദേവാ അയജന്ത സാദ്ധ്യാ ഋഷയശ്ച യേ. (തഃ
യജ്ഞോപവീതം സമർപ്പയാമി" എന്നു യജ്ഞോപവീതം സമർപ്പിക്കുക.

10. "ഓം ഹിരണ്യരൂപസ്യ" ഇത്യാദി ഋക് ജപിച്ചു,
"കിരീടഹാരകേയൂരകുണ്ഡലം കവചം തഥാ
ഭൂഷണാനി ഗൃഹാണേശ മയാ ഭക്ത്യാർപ്പിതാനി ച.
ആഭരണാനി സമർപ്പയാമി" എന്ന് ആഭരണങ്ങൾ സമർപ്പിക്കുക.

11. "ഓം തസ്മാദ്യജ്ഞാത്സർവ്വഹുതഃ സംഭൃതം പൃഷദാജ്യം പശൂം

സ്താംശ്ചക്രേ വായവ്യാനാരണ്യാൻ ഗ്രാമ്യാംശ്ച യെ.
കസ്തൂരീകുങ്കുമൈർയ്യുക്തം ഘനസാരവിമിശ്രിതം
മലയാചലസംഭൂതം ചന്ദനം പ്രതിഗൃഹ്യതാം.
ഗന്ധാൻ ധാരയാമി” എന്നു ഗന്ധം തൊടിക്കുക.

12. “ഓം തസ്മാദ്യജ്ഞാത്സർവ്വഹുതഃ ഋചസ്സാമാനി ജജ്ഞിരേ
ഛന്ദാംസി ജജ്ഞിരേ തസ്മാൽ യജുസ്തസ്മാദജായത.
ശാലീയാൻ ചന്ദ്രവർണ്ണാഭാൻ ഹരിദ്രാരാഗരഞ്ജിതാൻ
അക്ഷതാംശ്ച ഗൃഹാണേശ അക്ഷയ്യഫലദോഭവ.
അക്ഷതാൻ സമർപ്പയാമി” എന്ന് ക്ഷതങ്ങൾ സമർപ്പിക്കുക.

13. “ഓം തസ്മാദശ്വാ അജായന്ത യേകേചോഭയാദതഃ
ഗാവോ ഹ ജജ്ഞിരേ തസ്മാൽ തസ്മാജ്ജാതാ അജാവയഃ”
“സേവന്തികാബകുളചമ്പകപാടലാബ്ജൈഃ
പുന്നാഗനാഗകരവീരസുപത്മവൃന്ദൈഃ
വില്വപ്രവാളതുളസീദളമല്ലികാഭിഃ
ത്വാം പൂജയാമി ജഗദീശ്വര മേ പ്രസീദ.
പുഷ്പമാലികാസ്സമർപ്പയാമി” എന്നു പുഷ്പമാല സമർപ്പിക്കുക.

അനന്തരം മുമ്പുപറഞ്ഞപ്രകാരം ദേവങ്കൽ അംഗന്യാസകരന്യാസങ്ങൾ ചെയ്തുശേഷം താഴെ കാണിക്കുന്നവിധം അംഗപൂജ ചെയ്യണം.

“ഓം കേശവായ നമഃ—പാദൌ പൂജയാമി.
ഓം നാരായണായ നമഃ—ജാനുനീ പൂജയാമി.
ഓം മാധവായ നമഃ—ജംഘേ പൂജയാമി.
ഓം ഗോവിന്ദായ നമഃ—ഊരൂ പൂജയാമി.
ഓം വിഷ്ണവേ നമഃ—കടിം പൂജയാമി.
ഓം മധുസൂദനായ നമഃ—നാഭിം പൂജയാമി.
ഓം ത്രിവിക്രമായ നമഃ—പൃഷ്ഠം പൂജയാമി.
ഓം വാമനായ നമഃ—ഉദരം പൂജയാമി.

ഓം ശ്രീധരായ നമഃ—കണ്ഠം പൂജയാമി.
ഓം ഹൃഷീകേശായ നമഃ—ഹസ്താൻ പൂജയാമി.
ഓം പത്മനാഭായ നമഃ—മുഖം പൂജയാമി.
ഓം ദാമോദരായ നമഃ—നേത്രേ പൂജയാമി.
ഓം ധന്വന്തരയേ നമഃ—ശ്രോത്രേ പൂജയാമി.
ഓം പീയൂഷകലശഹസ്തായ നമഃ—ലലാടം പൂജയാമി.
ഓം ആയുർവ്വേദസ്വരൂപായ നമഃ—ശിരഃ പൂജയാമി.
ഓം സർവ്വരോഗഹരായ നമഃ—സർവ്വാണ്യംഗാനി പൂജയാമി."

തദനന്തരം പത്രപൂജാ.

"ഓം അനന്തായ നമഃ—തുളസീപത്രം സമർപ്പയാമി.
ഓം സമുദ്രമഥനോത്ഭവായ നമഃ—സുമനഃപത്രം സമർപ്പയാമി.
ഓം മന്ദരോദ്ധാരായ നമഃ—മന്ദാരപത്രം സമർപ്പയാമി.
ഓം ബീഭത്സായ നമഃ—വില്വപത്രം സമർപ്പയാമി.
ഓം വിഷ്ണവേ നമഃ—വിഷ്ണുക്രാന്തപത്രം സമർപ്പയാമി.
ഓം ജിഷ്ണവേ നമഃ—ജാതീപത്രം സമർപ്പയാമി.
ഓം ദേവദേവായ നമഃ—ദേവദാരുപത്രം സമർപ്പയാമി.
ഓം മംഗളായ നമഃ—മരുവകപത്രം സമർപ്പയാമി.
ഓം ദൈത്യദമനായ നമഃ—നപത്രം സമർപ്പയാമി.
ഓം വടവേ നമഃ—വടപത്രം സമർപ്പയാമി.
ഓം അശ്വത്ഥായ നമഃ—അശ്വത്ഥപത്രം സർപ്പയാമി.
ഓം രംഭാനർത്തനലാലസായ നമഃ—രംഭാപത്രം സമർപ്പയാമി.
ഓം ഭീമായ നമഃ—ഭൂർജ്ജപത്രം സമർപ്പയാമി.
ഓം അവ്യയായ നമഃ—അപാമാർഗ്ഗപത്രം സമർപ്പയാമി.
ഓം സകലമുനിധ്യേയായനമഃ—സകലപത്രാണി സമർപ്പയാമി."

അനന്തരം പുഷ്പപൂജാ.

"ഓം പത്മനാഭായ നമഃ—പത്മപുഷ്പം സമർപ്പയാമി.
ഓം യജ്ഞപുരുഷായ നമഃ—യൂഥികാപുഷ്പം സമർപ്പയാമി.

ഓം വേദാഗമപാരഗായ നമഃ—പാടലീപുഷ്പം സമർപ്പയാമി.
ഓം കമനീയായ നമഃ—കരവീരപുഷ്പം സമർപ്പയാമി.
ഓം മഹനീയായ നമഃ—മല്ലികാപുഷ്പം സമർപ്പയാമി.
ഓം ചന്ദ്രാദിത്യനയനായ നമഃ—ചമ്പകപുഷ്പം സമർപ്പയാമി.
ഓം ജാഡ്യാപഹാരകായ നമഃ—ജാതീപുഷ്പം സമർപ്പയാമി.
ഓം കേതവേ നമഃ—കേതകീപുഷ്പം സമർപ്പയാമി.
ഓം പാരിജാതമൂർദ്ദപദായനമഃ—പാരിജാതപുഷ്പം സമർപ്പയാമി
ഓം മന്ദരാദ്രിനികേതനായ നമഃ—മന്ദാരപുഷ്പം സമർപ്പയാമി
ഓം പുഷ്പപുരുഷായ നമഃ—പുന്നാഗപുഷ്പം സമർപ്പയാമി.
ഓം സകലാഗമസ്തുതായ നമഃ—സകലപുഷ്പാണി സമർപ്പയാമ

ഇനിമേൽ അഷ്ടോത്തരശതനാമപൂജയെ ചെയ്യണം.

1. "ഓം ധന്വന്തരയേ നമഃ
2. ഓം ധർമ്മധ്വജായ നമഃ
3. ഓം ധരാവല്ലഭായ നമഃ
4. ഓം ധിഷണവന്ദ്യായ നമഃ
5. ഓം ധീരായ നമഃ
6. ഓം ധീവരേണ്യായ നമഃ
7. ഓം ധാർമ്മികായ നമഃ
8. ഓം ധർമ്മനിയാമകായ നമഃ
9. ഓം ധർമ്മരൂപായ നമഃ
10. ഓം ധീരോദാത്തഗുണോജ്ജ്വലായ നമഃ
11. ഓം ധർമ്മവിദേ നമഃ
12. ഓം ധരാധരധാരിണേ നമഃ
13. ഓം ധാത്രേ നമഃ
14. ഓം ധാതൃഗർവ്വഭിദേ നമഃ
15. ഓം ധാത്രീഡിതായ നമഃ
16. ഓം ധരാധരരൂപായ നമഃ

17. ഓം ധാർമ്മികപ്രിയായ നമഃ
18. ഓം ധാർമ്മികവന്ദ്യായ നമഃ
19. ഓം ധാർമ്മികജനധ്യാതായ നമഃ
20. ഓം ധനദാദിസമർച്ചിതായ നമഃ
21. ഓം ധനഞ്ജയരൂപായ നമഃ
22. ഓം ധനഞ്ജയവന്ദ്യായ നമഃ
23. ഓം ധനഞ്ജയസാരഥയേ നമഃ
24. ഓം ധിഷണരൂപായ നമഃ
25. ഓം ധിഷണപൂജ്യായ നമഃ
26. ഓം ധിഷണാഗ്രജസേവ്യായ നമഃ
27. ഓം ധിഷണരൂപായ നമഃ
28. ഓം ധിഷണാദായകായ നമഃ
29. ഓം ധാർമ്മികശിഖാമണയേ നമഃ
30. ഓം ധീപ്രദായ നമഃ
31. ഓം ധീരൂപായ നമഃ
32. ഓം ധ്യാനഗമ്യായ നമഃ
33. ഓം ധ്യാനദാത്രേ നമഃ
34. ഓം ധ്യാതൃധ്യേയപദാംബുജായ നമഃ
35. ഓം ധീപ്രദായ നമഃ
36. ഓം ധീരസമ്പൂജ്യായ നമഃ
37. ഓം ധീരസമർച്ചിതായ നമഃ
38. ഓം ധീരശിഖാമണയേ നമഃ
39 ഓം ധുരന്ധരായ നമഃ
40. ഓം ധൂപദീപിതവിഗ്രഹായ നമഃ
41. ഓം ധൂപദീപാദിപൂജാപ്രിയായ നമഃ
42. ഓം ധൂമാദിമാർഗ്ഗദർശകായ നമഃ
43. ഓം ധൃഷ്ടായ നമഃ

44. ഓം ധൃഷ്ടദ്യുമ്നായ നമഃ
45. ഓം ധൃഷ്ടദ്യുമ്നസ്തുതായ നമഃ
46. ഓം ധേനുകാസുരസൂദനായ നമഃ
47. ഓം ധേനുകജരക്ഷകായ നമഃ
48. ഓം ധേനുകാസുരവരപ്രദായ നമഃ
49. ഓം ധൈൎയ്യായ നമഃ
50. ഓം ധൈൎയ്യവതാമഗ്രണ്യൈ നമഃ
51. ഓം ധൈൎയ്യവതാം ധൈൎയ്യദായ നമഃ
52. ഓം ധൈൎയ്യപ്രദായകായ നമഃ
53. ഓം ദോഗ്ധ്രേ നമഃ
54. ഓം ധൌമ്യായ നമഃ
55. ഓം ധൌമ്യേഡിതപദായ നമഃ
56. ഓം ധൌമ്യാദിമുനിസ്തുതായ നമഃ
57. ഓം ധൌമ്യവരദായ നമഃ
58. ഓം ധൎമ്മസേതവേ നമഃ
59. ഓം ധൎമ്മമാൎഗ്ഗപ്രവൎത്തകായ നമഃ
60. ഓം ധൎമ്മമാൎഗ്ഗവിഘ്നകൃത്സൂദനായ നമഃ
61. ഓം ധൎമ്മരാജായ നമഃ
62. ഓം ധൎമ്മമാൎഗ്ഗപരൈകവന്ദ്യായ നമഃ
63. ഓം ധാമത്രയമന്ദിരായ നമഃ
64. ഓം ധനുൎവാതാദിരോഗഘ്നായ നമഃ
65. ഓം ധൃതസൎവ്വാഘവൃന്ദായ നമഃ
66. ഓം ധാരണാത്രൂപായ നമഃ
67. ഓം ധാരണാമാൎഗ്ഗദൎശകായ നമഃ
68. ഓം ധ്യാനമാൎഗ്ഗതൽപരായ നമഃ
69. ഓം ധ്യാനമാൎഗ്ഗൈകലഭ്യായ നമഃ
70. ഓം ധ്യാനമാത്രസുലഭായ നമഃ

71. ഓം ധ്വാന്തപാപഹരായ നമഃ
72. ഓം ധാതൃതാപത്രയഹരായ നമഃ
73. ഓം ധനധാന്യപ്രദായ നമഃ
74. ഓം ധനധാന്യമത്തജനസൂദനായ നമഃ
75. ഓം ധൂമകേതുവരപ്രദായ നമഃ
76. ഓം ധർമ്മാധ്യക്ഷായ നമഃ
77. ഓം ധേനുരക്ഷാധുരീണായ നമഃ
78. ഓം ധരണീരക്ഷണധുരീണായ നമഃ
79. ഓം ധരണീഭാരാപഹാരകായ നമഃ
80. ഓം ധീരസമർച്ചിതായ നമഃ
81. ഓം ധർമ്മാഭിവൃദ്ധികർത്രേ നമഃ
82. ഓം ധർമ്മഗോപ്ത്രേ നമഃ
83. ഓം ധർമ്മകർത്രേ നമഃ
84. ഓം ധർമ്മബന്ധവേ നമഃ
85. ഓം ധർമ്മഹേതവേ നമഃ
86. ഓം ധാർമ്മികവ്രജരക്ഷാധുരീണായ നമഃ
87. ഓം ധനഞ്ജയാദിവരപ്രദായ നമഃ
88. ഓം ധനഞ്ജയസേവാതുഷ്ടായ നമഃ
89. ഓം ധനഞ്ജയസാഹ്യകൃതേ നമഃ
90. ഓം ധനഞ്ജയസ്തോത്രപാത്രായ നമഃ
91. ഓം ധനഞ്ജയഗർവ്വപാത്രേ നമഃ
92. ഓം ധനഞ്ജയസ്തുതിഹർഷിതായ നമഃ
93. ഓം ധനഞ്ജയവിയോഗഖിന്നായ നമഃ
94. ഓം ധനഞ്ജയഗീതോപദേശകൃതേ നമഃ
95. ഓം ധർമ്മാധർമ്മവിചാരപരായ നമഃ
96. ഓം ധർമ്മസാക്ഷിണേ നമഃ
97. ഓം ധർമ്മനിയാമകായ നമഃ

98. ഓം. ധർമ്മദ്രുപജനന്ദ്രരഗായ നമഃ
99. ഓം ധർമ്മപാലകായ നമഃ
100. ഓം ധർമ്മമാർഗ്ഗോപദേശകൃദ്വന്ദ്യായ നമഃ
101. ഓം ധർമ്മതനയവന്ദ്യായ നമഃ
102. ഓം ധർമ്മത്രപാവിദൂരവന്ദ്യായ നമഃ
103. ഓം ധർമ്മതനയസ്തുത്യായ നമഃ
104. ഓം ധർമ്മതനയസ്തോത്രപാത്രായ നമഃ
105. ഓം ധർമ്മതനയസംസേവ്യായ നമഃ
106. ഓം ധർമ്മതനയമാന്യായ നമഃ
107. ഓം ധരാമൃതഫലസ്യായ നമഃ
108. ഓം ശ്രീധന്വന്തരയേ നമഃ

ഇത്യഷ്ടോത്തരശതനാമപൂജാസ്സമർപ്പയാമി"

ഇപ്രകാരംതന്നെ അഷ്ടോത്തരശതനാമങ്ങളേക്കൊണ്ടും പൂജചെയ്യാം. (അഷ്ടോത്തരശതനാമസ്തോത്രവും നാമാവലിയും സ്തോത്രങ്ങളുടെകൂട്ടത്തിൽ ഒടുവിൽ ചേർത്തിട്ടുണ്ട്.)

8. "ഓം യൽപുരുഷം വ്യദധുഃ കതിധാ വ്യകല്പയൻ മുഖം കിമസ്യ കൌ ബാഹൂ കാവൂരൂ പാദാവുച്യേതേ."

"ധൂപമഗ്ദ് ഗന്ധമുൽഭൂതം ദേവദാരുവിമിശ്രിതം
കപിലാജ്യേന സംയുക്തമാഘ്രാണം പ്രതിഗൃഹ്യതാം"

"ധൂപം സമർപ്പയാമി" എന്നു ധൂപം കാണിക്കുക.

9. "ഓം ബ്രാഹ്മണോസ്യ മുഖമാസീൽ ബാഹൂ രാജന്യഃ കൃതഃ
ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത"
"സാജ്യം ശ്രീവർത്തിസംയുക്തം വഹ്നിനാ യോജിതം മയാ
ദീപം ഗൃഹാണ ദേവേശ ലക്ഷ്മീയുക്ത നമോസ്തുതെ."

"ദീപം ദർശയാമി" എന്നു ദീപം കാണിക്കുക.

10. "ഓം ചന്ദ്രമാമനസോ ജാതഃ ചക്ഷോഃസ്സൂര്യോ അജായത
മുഖാദിന്ദ്രശ്ചാഗ്നിശ്ച പ്രാണാദ്വായുരജായത"

"അന്നം ചതുർവിധം സ്വാദരസൈഷ്ഷഡ്ഭിസ്സമന്വിതം
ഭക്ഷ്യഭോജ്യൈസ്സമായുക്തം നൈവേദ്യം പ്രതിഗൃഹ്യതാം."
"നൈവേദ്യം സമർപ്പയാമി." എന്നു നിവേദ്യം സമർപ്പിക്കുക.

(ഇതിന്നിടെ പാനീയം, ഉത്തരാപോശനം, ഹസ്തപ്രക്ഷാളനം, പാദപ്രക്ഷാളനം, പുനരാചമനം ഇവ സമർപ്പിക്കണം.)

11. "ഓം നാഭ്യാ ആസീദന്തരിക്ഷം ശീർഷ്ണോർദ്യൌസ്സമവർത്തത
പദ്ഭ്യാം ഭൂമിർദ്ദിശഃ ശ്രോത്രാൽ തഥാ ലോകാനകല്പയൻ"
"ഏലാലവംഗകർപ്പൂരക്രമുകാദിസമന്വിതം
താംബൂലീദളസംയുക്തം താംബൂലം പ്രതിഗൃഹ്യതാം"
"താംബൂലം സമർപ്പയാമി." എന്നു താംബൂലം സമർപ്പിക്കുക.

12. "ഇദം ഫലം" എന്നു നാളികേരഫലം സമർപ്പിക്കുക.

13. "ഹിരണ്യഗർഭ" ഇത്യാദിമന്ത്രംകൊണ്ടു സുവർണ്ണപുഷ്പം സമർപ്പിക്കുക.

14. "ഓം വേദാഹമേതം പുരുഷം മഹാന്ത-
മാദിത്യവർണ്ണം തമസസ്തു പാരേ
സർവ്വാണി രൂപാണി വിചിത്യ ധീരോ
നാമാനി കൃത്വാഭിവദൻ യദാസ്തേ"
എന്ന മന്ത്രംകൊണ്ടു സാമ്രാജ്യം സമർപ്പിക്കുക.

15. "ഓം ഹിരണ്യപാത്രം മധോഃ, സംസ്പൃഷ്ടം ധനസൂയേം"
എന്ന മന്ത്രംകൊണ്ടു നീരാജ്ഞനം സമർപ്പിക്കുക.

16. "യാനി കാനി ച പാപാനി ജന്മാന്തരകൃതാനി ച
താനി താനി വിനശ്യന്തി പ്രദക്ഷിണപദേപദേ."
എന്ന മന്ത്രംകൊണ്ടു പ്രദക്ഷിണം ചെയ്യുക.

"നമാമി ധന്വന്തരിമാദിദേവം
സുരാസുരൈർവന്ദിതപാദപത്മം
ലോകേ ജരാരുഗ്ഭയനാശഹേതും
ദാതാരമീശം വിവിധൌഷധീനാം."
എന്ന മന്ത്രം ചൊല്ലി നമസ്കരിച്ചശേഷം—

പ്രാർത്ഥനാ—

“ബുദ്ധിം ശക്തിം തഥോത്സാഹമായുരാരോഗ്യമേവ ച
ദേഹാന്തേ തവ സായൂജ്യം ദേഹി ധന്വന്തരേ മമ.
നമസ്തേ ഭഗവൻ! ഭൂയോ നമസ്തേ ധരണീധര!
നമസ്തേ ദേവദേവേശ! നമസ്തേ ഭക്തവത്സല!”

എന്നു പ്രാർത്ഥിക്കുക.

“ഓം യജ്ഞേന യജ്ഞമയജന്ത ദേവാസ്താനി ധർമ്മാണി പ്രഥമാന്യാസൻ തേഹ നാകം മഹിമാനസ്സചന്തെ യത്ര പൂർവ്വെ സാദ്ധ്യാസ്സന്തി ദേവാഃ”

എന്നു മന്ത്രത്തോടുകൂടി അഭീഷ്ടപ്രാർത്ഥനചെയ്തു് ഉപായനദാനവും ചെയ്യുക.

പിന്നെ ഛത്രം, ചാമരം, ആന്ദോളനം, ഗീതം, നൃത്യം, അശ്വാരോഹം മുതലായ ഉപചാരങ്ങളെ സമർപ്പിക്കുക.

വീണ്ടും പഞ്ചോപചാരപൂജ ചെയ്തിട്ടു്,

“ദേവദേവ! സമുദ്രമഥനോത്ഭവ! ആയുർവ്വേദാധിദേവ! ശ്രീധന്വന്തരിസ്വാമിൻ!

ഋഗ്വേദമവധാരയ.

ദേവദേവ സമുദ്രമഥനോത്ഭവ ആയുർവ്വേദാധിദേവ ശ്രീധന്വന്തരിസ്വാമിൻ!

യജുർവ്വേദമവധാരയ.

ദേവദേവ……………………ശ്രീധന്വന്തരിസ്വാമിൻ സാമവേദമവധാരയ

ടി ടി ടി ടി അഥർവ്വണവേദമവധാരയ.
ടി ടി ടി ടി രാജാശീർവ്വചനമവധാരയ.
ടി ടി ടി ടി വേണുനാദമാകർണ്ണയ.
ടി ടി ടി ടി സംഗീതമാശ്രാവയ.”

എന്നിപ്രകാരമുള്ള ഉപചാരങ്ങൾ സമർപ്പിക്കുക.

അതിന്നുശേഷം പഞ്ചദളത്തിരി കത്തിച്ചു ദീപത്തിന്നുള്ള മന്ത്രംകൊണ്ടു ദർശിപ്പിക്കുക.

പിന്നെ,

“ധന്വന്തരേ! മഹാഭാഗ! സർവ്വരോഗവിനാശക!
കർപ്പൂരകമിദം ദേവ! ഗൃഹ്യതാം സുരസത്തമ!”

എന്ന മന്ത്രം ചൊല്ലി കർപ്പൂരാരാധന ചെയ്യുക.

തദനന്തരം യഥാശക്തി ഇനി കാണിക്കുന്നവിധം സ്തോത്രപാഠനം ചെയ്തശേഷം താഴേ ചേർത്തിരിക്കുന്ന ധന്വന്തരിഭഗവാന്റെ അവതാരകഥയുംകൂടി ചൊല്ലി പൂജ അവസാനിപ്പിക്കുക.

“ആവാഹനം ന ജാനാമി ന ജാനാമി തവാർച്ചനം
വിസർജ്ജനം ന ജാനാമി ക്ഷമ്യതാം പരമേശ്വര!
അപരാധസഹസ്രാണി ക്രിയന്തേഹർന്നിശം മയാ
ദാസോയമിതി മാം മത്വാ ക്ഷമസ്വ കരുണാനിധേ.
രൂപം ദേഹി ജയം ദേഹി യശോ ദേഹി ദ്വിഷോജഹി
പുത്രാൻ ദേഹി ധനം ദേഹി സർവ്വാൻ കാമാംശ്ച ദേഹി മേ.

അനേന പൂജനേന ഭഗവാൻ ശ്രീധന്വന്തരിഃ സുപ്രസന്നോവരദോഭവതു. ശ്രീധന്വന്തരിവരപ്രസാദസിദ്ധിരസ്തു.

പൂജക്കുശേഷം നിവേദ്യം മാത്രം ഭക്ഷിച്ച് അന്നു മറ്റൊന്നും ഭക്ഷിക്കാതെയും ധന്വന്തരിഭജനം ചെയ്തും കഴിക്കണം.

ശുഭം

---

## ധന്വന്തരിസ്തോത്രങ്ങൾ

### 1. ശ്രീധന്വന്തരിഅഷ്ടോത്തരശതനാമസ്തോത്രം

ധന്വന്തരിസ്സുധാപൂർണ്ണകലശാഢ്യകരോഹരിഃ
ജരാമൃതിത്രസ്തദേവപ്രാർത്ഥനാസാധകഃ പ്രഭുഃ 1
നിർവ്വികല്പോനിസ്സമാനോ മന്ദസ്മിതമുഖാംബുജഃ
ആഞ്ജനേയപ്രാപിതാദ്രിഃ പാർശ്വസ്ഥവിനതാസുതഃ 2
നിമഗ്നമന്ദരധരഃ കൂർമ്മരൂപീ ബൃഹത്തനുഃ
നീലകുഞ്ചിതകേശാന്തഃ പരമാത്ഭുതരൂപധൃക് 3

കടാക്ഷവീക്ഷണാശ്വസ്തവാസുകിസ്സിംഹവിക്രമഃ
സ്മർത്തൃഹൃദ്രോഗഹരണോ മഹാവിഷ്ണ്വംശസംഭവഃ 4
പ്രേക്ഷണീയോല്പലശ്യാമ ആയുർവ്വേദാധിദൈവതം
ഭേഷജഗ്രഹണാനേഹസ്മരണീയപദാംബുജഃ 5
നവയൌവനസമ്പന്നഃ കിരീടാന്വിതമസ്തകഃ
നക്രകുണ്ഡലസംശോഭിശ്രവണദ്വയശഷ്കുലിഃ 6
ദീർഘപീവരദോർദ്ദണ്ഡഃ കംബുഗ്രീവോംബുജേക്ഷണഃ
ചതുർഭുജശ്ശംഖധരഃ ചക്രഹസ്തോവരപ്രദഃ 7
സുധാപാത്രോപരിലസദാമ്രപത്രലസൽകരഃ
ശതപദ്യാഢ്യഹസ്തശ്ച കസ്തൂരീതിലകാഞ്ചിതഃ 8
സുകപോലസ്സുനാസശ്ച സുന്ദരഭ്രൂലതാഞ്ചിതഃ
സ്വംഗുലീതലശോഭാഢ്യോ ഗൂഢജത്രുർമ്മഹാഹനുഃ 9
ദിവ്യാംഗദലസൽബാഹുഃ കേയൂരപരിശോഭിതഃ
വിചിത്രരത്നഖചിതവലയദ്വയശോഭിതഃ 10
സമോല്ലസത്സുജാതാംസശ്ചാംഗുലീയവിഭൂഷിതഃ
സുധാഗന്ധരസാസ്വാദമിളൽഭൃംഗമനോഹരഃ 11
ലക്ഷ്മീസമർപ്പിതോൽഫുല്ലകഞ്ജമാലാലസൽഗളഃ
ലക്ഷ്മീശോഭിതവക്ഷസ്കോ വനമാലാവിരാജിതഃ 12
നവരത്നമണീക്ലൃപ്തഹാരശോഭിതകന്ധരഃ
ഹീരനക്ഷത്രമാലാദിശോഭാരഞ്ജിതദിങ്മുഖഃ 13
വിരജാംബരസംവീതോവിശാലോരാഃ പൃഥുശ്രവാഃ
നിമ്നനാഭിസ്സൂക്ഷ്മമദ്ധ്യഃ സ്ഥൂലജംഘോനിരഞ്ജനഃ 14
സുലക്ഷണപദാംഗുഷ്ഠസ്സർവ്വസാമുദ്രികാന്വിതഃ
അലക്തകാരക്തപാദോ മൂർത്തിമദ്വാർദ്ധിപൂജിതഃ 15
സുധാർത്ഥാന്യോന്യസംയുദ്ധ്യദ്ദേവദൈതേയസാന്ത്വനഃ
കോടിമന്മഥസംകാശഃ സർവ്വാവയവസുന്ദരഃ 16
അമൃതാസ്വാദനോദ്യുക്തദേവസംഘപരിഷ്ടുതഃ
പുഷ്പവർഷണസംയുക്തഗന്ധർവ്വകുലസേവിതഃ 17

ശംഖതൂര്യമൃദംഗാദിസവാദിത്രാപ്സരോവൃതഃ
വിഷ്വക്സേനാദിയുക്പാർശ്വസ്സനകാദിമുനിസ്തുതഃ 18
സാശ്ചര്യസ്മിതചതുർമ്മുഖനേത്രസമീക്ഷിതഃ
സാശങ്കസംഭ്രമദിതിദനുവംശ്യസമീഡിതഃ 19
നമനോന്മുഖദേവാദിമൌലിരത്നലസൽപദഃ
ദിവ്യതേജഃപുണ്യരൂപഃ സർവ്വദേവഹിതോത്സുകഃ 20
സ്വനിർഗ്ഗമക്ഷുബ്ധദുഗ്ദ്ധവാരാശിർദ്ദുന്ദുഭിസ്വനഃ
ഗന്ധർവ്വഗീതാപദാനശ്രവണോൽകമഹാമനാഃ 21
നിഷ്കിഞ്ചനജനപ്രീതോ ഭവസംപ്രാപ്തരോഗഹൃൽ
അന്തർഹിതസുധാപാത്രോ മഹാത്മാ മായികാഗ്രണീഃ 22
ക്ഷണാർദ്ധമോഹിനീരൂപസർവ്വസ്ത്രീശുഭലക്ഷണഃ
മദമത്തേഭഗമനഃ സർവ്വലോകവിമോഹനഃ 23
സ്രംസന്നീവിഗ്രന്ഥിബന്ധാസക്തദിവ്യകരാംഗുലിഃ
രത്നദർവ്വീലസദ്ധസ്തോ ദേവദൈത്യവിഭാഗകൃൽ. 24
സംഖ്യാതദേവതാന്യാസോ ദൈത്യദാനവവഞ്ചകഃ
ദേവാമൃതപ്രദാതാ ച പരിവേഷണഹൃഷ്ടധീഃ 25
ഉന്മുഖോന്മുഖദൈത്യേന്ദ്രദന്തപംക്തിവിഭാജകഃ
പുഷ്പവൽസവിനിർദ്ദിഷ്ടരാഹുരക്ഷശ്ശിരോഹരഃ 26
രാഹുകേതുഗ്രഹസ്ഥാനപശ്ചാദ്ഗതിവിധായകഃ
അമൃതാലാഭനിർവ്വിണ്ണയുദ്ധ്യദ്ദേവാരിസൂദനഃ 27
ഗരുത്മദ്വാഹനാരൂഢസ്സർവ്വേശസ്ത്രീസമന്വിതഃ
സ്വസ്വാധികാരസന്തുഷ്ടശക്രവഹ്ന്യാദിപൂജിതഃ 28
മോഹിനീദർശനായാതസ്ഥാണുചിത്തവിമോഹകഃ
ശചീസ്വാഹാദിദിക്പാലപത്നീമണ്ഡലസന്നതഃ 29
വേദാന്തവേദ്യമഹിമാ സർവ്വലോകൈകരക്ഷകഃ
രാജരാജപ്രപൂജ്യാംഘ്രിഃ ചിന്തിതാർത്ഥപ്രദായകഃ 30

ധന്വന്തരേർഭഗവതോ നാമ്നാമഷ്ടോത്തരം ശതം
യഃ പഠേത്സതതം ഭക്ത്യാ നീരോഗസ്സുഖഭാഗ്ഭവേൽ.
ഇതി ശ്രീബൃഹൽബ്രഹ്മാനന്ദോപനിഷത്സു ബ്രഹ്മവിദ്യായാം
ശ്രീധന്വന്തര്യഷ്ടോത്തരശതനാമസ്തോത്രം
സംപൂർണ്ണം.

---

## ശ്രീധന്വന്തരി അഷ്ടോത്തരനാമാവലി

1. ഓം ധന്വന്തരയേ നമഃ
2. ,, സുധാപൂർണ്ണകലശാഢ്യകരായ നമഃ
3. ,, ഹരയേ നമഃ
4. ,, ജരാമൃതിത്രസ്തദേവപ്രാർത്ഥനാസാധകായ നമഃ
5. ,, പ്രഭവേ നമഃ
6. ,, നിർവ്വികല്പായ നമഃ
7. ,, നിസ്സമാനായ നമഃ
8. ,, മന്ദസ്മിതമുഖാംബുജായ നമഃ
9. ,, ആഞ്ജനേയപ്രാപിതാദ്രയേ നമഃ
10. ,, പാർശ്വസ്ഥവിനതാസുതായ നമഃ
11. ,, നിമഗ്നമന്ദരധരായ നമഃ
12. ,, കൂർമ്മരൂപിണേ നമഃ
13. ,, ബൃഹത്തനവേ നമഃ
14. ,, നീലകുഞ്ചിതകേശാന്തായ നമഃ
15. ,, പരമാത്ഭുതരൂപധൃഗേ നമഃ
16. ,, കടാക്ഷവീക്ഷണാശ്വസ്തവാസുകയേ നമഃ
17. ,, സിംഹവിക്രമായ നമഃ
18. ,, സ്മർത്തൃഹൃദ്രോഗഹരണായ നമഃ

19. ഓം മഹാവിഷ്ണ്വംശസംഭവായ നമഃ
20. ,, പ്രേക്ഷണീയോൽപലശ്യാമായ നമഃ
21. ,, ആയുർവ്വേദാധിദൈവതായ നമഃ
22. ,, ഭേഷജഗ്രഹണാനേഹസ്മരണീയ
പദാംബുജായ നമഃ
23. ,, നവയൌവനസംപന്നായ നമഃ
24. കിരീടാന്വിതമസ്തകായ നമഃ
25. ,, നക്രകുണ്ഡലസംശോഭിശ്രവണ
ദ്വയശഷ്കുലയേ നമഃ
26. ,, ദീർഘപീവരദോർദ്ദണ്ഡായ നമഃ
27. ,, കംബുഗ്രീവായ നമഃ
28. ,, അംബുജേക്ഷണായ നമഃ
29. ,, ചതുർഭുജായ നമഃ
30. ,, ശംഖധരായ നമഃ
31. ,, ചക്രഹസ്തായ നമഃ
32. ,, വരപ്രദായ നമഃ
33. ,, സുധാപാത്രോപരിലസദാമ്രപത്രല
സൽകരായ നമഃ
34. ,, ശതപദ്യാഢ്യഹസ്തായ നമഃ
35. ,, കസ്തൂരീതിലകാഞ്ചിതായ നമഃ
36. ,, സുകപോലായ നമഃ
37. ,, സുനാസായ നമഃ
38. ,, സുന്ദരഭ്രൂലതാഞ്ചിതായ നമഃ
39. ,, സ്വംഗുലീതലശോഭാഢ്യായ നമഃ
40. ,, ഗൂഢജത്രവേ നമഃ
41. ,, മഹാഹനവേ നമഃ
42. ,, ദിവ്യാംഗദലസദ്ബാഹവേ നമഃ
43. ,, കേയൂരപരിശോഭിതായ നമഃ

44. ഓം വിചിത്രരത്നഖചിതവലയഭായ
ശോഭിതായ നമഃ
45. ,, സമോല്ലസത്സുജാതാംസായ നമഃ
46. ,, അംഗുലീയവിഭൂഷിതായ നമഃ
47. ഓം സുധാഗന്ധരസാസ്വാദമിള്ഭൃം
ഗമനോഹരായ നമഃ
48. ,, ലക്ഷ്മീസമർപ്പിതോൽഫുല്ലകഞ്ജമാ
ലാലസദ്ഗളായ നമഃ
49. ,, ലക്ഷ്മീശോഭിതവക്ഷസ്സായ നമഃ
50. ,, വനമാലാവിരാജിതായ നമഃ
51. ,, നവരത്നമണീക്ലുപ്തഹാരശോഭിത
കന്ധരായ നമഃ
52. ,, ഹീരനക്ഷത്രമാലാദിശോഭാരഞ്ജിത
ദിങ്മുഖായ നമഃ
53. ,, വിരജാംബരസംവീതായ നമഃ
54. ,, വിശാലോരസേ നമഃ
55. ,, പൃഥുശ്രവസേ നമഃ
56. ,, നിമ്നനാഭയേ നമഃ
57. ,, സൂക്ഷ്മമദ്ധ്യായ നമഃ
58. ,, സ്ഥൂലജംഘായ നമഃ
59. ,, നിരംജനായ നമഃ
60. ,, സുലക്ഷണപദാംഗുഷ്ഠായ നമഃ
61. ,, സർവ്വസാമുദ്രികാന്വിതായ നമഃ
62. ,, അലക്തകാരക്തപാദായ നമഃ
63. ,, മധ്വാത്മപൂജിതമൂർത്തയേ നമഃ
64. ,, സുധാർത്ഥാന്യോന്യസംയുദ്ധ്യദ്ദേവ
ദൈതേയസാന്ത്വനായ നമഃ
65 ,, കോടിമന്മഥസംകാശായ നമഃ

66. ഓം സർവ്വാവയവസുന്ദരായ നമഃ

67. ,, അമൃതാസ്വാദനോദ്യുക്തദേവസംഘപരിവൃതായ നമഃ

68. ,, പുഷ്പവർഷണസംയുക്തഗന്ധർവ്വകുലസേവിതായ നമഃ

69. ,, ശംഖതൂര്യമൃദംഗാദിസവാദിത്രാപ്സരോവൃതായ നമഃ

70. ,, വിഷ്വക്സേനാദിയുക്പാർശ്വായ നമഃ

71. ,, സനകാദിമുനിസ്തുതായ നമഃ

72. ,, സാശ്ചര്യസസ്മിതചതുർമ്മുഖനേത്രസമീക്ഷിതായ നമഃ

73. ,, സാശങ്കസംഭ്രമദിതിദനുവംശ്യസമീഡിതായ നമഃ

74. ,, നമനോന്മുഖദേവാദിമൌലിരത്നലസൽപദായ നമഃ

75. ,, ദിവ്യതേജഃപുഞ്ജരൂപായ നമഃ

76. ,, സർവ്വദേവഹിതോത്സുകായ നമഃ

77. ,, സ്വനിർഗമക്ഷുബ്ധദുഗ്ദ്ധവാരാശയേ നമഃ

78. ,, ദുന്ദുഭിസ്വനായ നമഃ

79. ,, ഗന്ധർവ്വഗീതാപദാനശ്രവണോല്ലമഹാമനസേ നമഃ

80. ,, നിഷ്കിഞ്ചനജനപ്രീതായ നമഃ

81. ,, ഭവസംപ്രാപ്തരോഗഹൃതേ നമഃ

82. ,, അന്തർഹിതസുധാപാത്രായ നമഃ

83. ,, മഹാത്മനേ നമഃ

84. ,, മായികാഗ്രണ്യേ നമഃ

85. ,, ക്ഷണാർദ്ധമോഹിനീരൂപായ നമഃ

86. ഓം സർവ്വസ്ത്രീശുഭലക്ഷണായ നമഃ
87. ,, മദമത്തേഭഗമനായ നമഃ
88. ,, സർവ്വലോകവിമോഹനായ നമഃ
89. ,, സ്രംസന്നീവീഗ്രന്ഥിബന്ധാസക്തദിവ്യക
രാംഗുലയേ നമഃ
90. ,, രത്നദർവ്വീലസദ്ധസ്തായ നമഃ
91. ,, ദേവദൈത്യവിഭാഗകൃതേ നമഃ
92. ,, സംഖ്യാനദേവതാന്യാസായ നമഃ
93. ,, ദൈത്യദാനവവഞ്ചകായ നമഃ
94. ,, ദേവാമൃതപ്രദാത്രേ നമഃ
95. ,, പരിവേഷണഹൃഷ്ടധിയേ നമഃ
96. ,, ഉന്മുഖോന്മുഖദൈത്യേന്ദ്രദന്തപംക്തിവിഭാ
ജകായ നമഃ
97. ,, പുഷ്പവന്തവിനിർദ്ദിഷ്ടരാഹുരക്ഷശ്ശിരോഹരായ
നമഃ
98. ,, രാഹുകേതുഗ്രഹസ്ഥാനപശ്ചാൽഗതിവിധാ
യകായ നമഃ
99. ,, അമൃതാലാഭനിർവ്വിണ്ണയുധ്യദ്ദേവാരിസൂദനാ
യ നമഃ
100. ,, ഗരുത്മദ്വാഹനാരൂഢായ നമഃ
101. ,, സർവ്വശസ്ത്രാസ്ത്രസംയുതായ നമഃ
102. ,, സ്വസ്വാധികാരസന്തുഷ്ടശക്രവഹ്ന്യാദിപൂജി
തായ നമഃ
103 ,, മോഹിനീദർശനായാതസ്ഥാണു ചിത്തവി
മോഹകായ നമഃ
104 ,, ശചീസ്വാഹാദിദിക്പാലപത്നീമണ്ഡലസ
ന്നുതായ നമഃ

105 ഓം വേദാന്തവേദ്യമഹിമ്നേ നമഃ
106 ,, സർവ്വലോകൈകരക്ഷകായ നമഃ
107 ,, രാജരാജപ്രപൂജ്യാംഘ്രയേ നമഃ
108 ,, ചിന്തിതാർത്ഥപ്രദായകായ നമഃ

ഇങ്ങിനെ ശ്രീധന്വന്തര്യഷ്ടോത്തരശതനാമാവലികൾ പൂർണ്ണം. ഈ നൂററിഎട്ടു നാമസ്തോത്രങ്ങളെ നിത്യം ഭക്തിയോടെ ജപിക്കുന്നവർ എന്നും ആരോഗ്യമുള്ളവരായിരിക്കുന്നതാകുന്നു.

---

## ശ്രീധന്വന്തരിസ്തോത്രം

ഋഷികൾ പറഞ്ഞു.—

"ക്ഷീരോദമഥനോൽഭൂതം ദിവ്യഗന്ധാനുലേപിതം
സുധാകലശഹസ്തം തം വന്ദേ ധന്വന്തരിം ഹരിം. 1

ദേവദാനവന്മാർ പറഞ്ഞു.

നമോ ലോകത്രയാദ്ധ്യക്ഷ തേജസാ ജിതഭാസ്കര
നമോ വിഷ്ണോ നമോ ജിഷ്ണോ നമസ്തേ കൈടഭാർദ്ദന! 2
നമസ്സർഗ്ഗക്രിയാകർത്രേ ജഗൽപാലായ തേ നമഃ
നമസ്തുതാർത്തിനാശായ നമഃ പുഷ്കരമാലിനേ 3
ദിവ്യൗഷധിസ്വരൂപായ സുധാകലശപാണയേ
ശംഖചക്രഗദാപത്മധാരിണേ വനമാലിനേ 4
ദേവേന്ദ്രാദിസുരാദ്ധ്യായ നമഃ ക്ഷീരാബ്ധിജന്മനേ
നിർഗ്ഗുണായ വിശേഷായ ഹരയേ ബ്രഹ്മരൂപിണേ 5
ജഗൽ പ്രതിഷ്ഠിതം യത്ര ജഗതാം യോ ന ദൃശ്യതേ
നമഃ സ്ഥൂലാതിസൂക്ഷ്മായ തസ്മൈ ദേവായ ശംഖിനേ 6
യന്ന പശ്യന്തി പശ്യന്തം ജഗദപ്യഖിലം നരാഃ
അപശ്യദ്ഭിഃ ജഗദ്യത്ര ദൃശ്യതേ ഹൃദി സംസ്ഥിതഃ 7
യസ്മിൻ അന്നം പയശ്ചൈവ നദ്യശ്ചൈവാഖിലം ജഗൽ
തസ്മൈ നമോസ്തു ജഗതാം ആധാരായ നമോനമഃ 8

ആദ്യഃ പ്രജാപതിസ്സ്രഷ്ടാ യഃ പിതൄണാം പരഃ പതിഃ
പതിസ്സുരാണാം യസ്തസ്മൈ നമഃ കൃഷ്ണായ വേധസേ.
യഃ പ്രവൃത്തൗ നിവൃത്തൗ ച ഇജ്യതേ കർമ്മഭിഃ സ്വകൈഃ
സ്വർഗ്ഗാപവർഗ്ഗഫലദോ നമസ്തസ്മൈ ഗദാഭൃതേ 10
യശ്ചിന്ത്യമാനോ മനസാ സദ്യഃ പാപം വ്യപോഹതി
നമസ്തസ്മൈ വിശുദ്ധായ പരായ ഹരിമേധസേ. 11
യം ബുദ്ധ്വാ സർവ്വഭൂതാനി ദേവദേവേശമവ്യയം
ന പുനർജ്ജന്മമരണേ പ്രാപ്നുവന്തി നമാമി തം. 12
യോ യജ്ഞേ യജ്ഞപരമൈഃ ഇജ്യതേ യജ്ഞസംജ്ഞിതഃ
തം യജ്ഞപുരുഷം വിഷ്ണും നമാമി പ്രഭുമീശ്വരം. 13
ഗീയതേ സർവ്വവേദേഷു വേദവിദ്ഭിഃ ത്വിഷാംപതിഃ
യസ്തസ്മൈ വേദവേദ്യായ വിഷ്ണവേ ജിഷ്ണവേ നമഃ 14
യതോ വിശ്വം സമുത്പന്നം യസ്മിംശ്ച ലയമേഷ്യതി
വിശ്വോത്ഭവപ്രതിഷ്ഠായ നമസ്തസ്മൈ മഹാത്മനേ. 15
ബ്രഹ്മാദിസ്തംബപര്യന്തം യേന വിശ്വമിദം തതം
മായാജാലം സമുത്തർത്തും തമുപേന്ദ്രം നമാമ്യഹം. 16
വിഷാദതോഷരോഷാദ്യൈഃ യോജസ്രം സുഖദുഃഖജൈഃ
നൃത്യത്യഖിലഭൂതസ്ഥസ്തമുപേന്ദ്രം നമാമ്യഹം. 17
യമാരാധ്യ വിശുദ്ധേന കർമ്മണാ മനസാ ഗിരാ
തരന്ത്യവിദ്യാമഖിലാം തം വന്ദേ ദേവഭൈഷജം 18
യഃ സ്ഥിതോ വിശ്വരൂപേണ ബിഭർത്ത്യഖിലമൌഷധീഃ
തം രത്നകലശോത്ഭാസിഹസ്തം ധന്വന്തരിം നമഃ 19
വിശ്വം വിശ്വപതിം വിഷ്ണും തം നമാമി പ്രജാപതിം.
മൂർത്ത്യാ ആസുരമയ്യാ തു തദ്വിധാനി നിഹന്തി യഃ 20
രാത്രിരൂപഃ സൂര്യ്യരൂപഃ ഭജേ തം സൌമ്യരൂപിണം.
ഹന്തി വിദ്യാപ്രദാനേന യസ്തു അജ്ഞാനജം തമഃ 21
യസ്തു ഭേഷജരൂപേണ ജഗദാപ്യായതേ സദാ.
യസ്യാക്ഷിണീ ചന്ദ്രസൂര്യ്യൗ സർവ്വലോകശുഭങ്കരൗ 22

പശ്യതഃ കർമ്മ സതതം തം ച ധന്വന്തരിം നമഃ.
യസ്മിൻ സർവ്വേശ്വരേ വിശ്വം ജഗൽ സ്ഥാവരജംഗമം 23
ആഭാതി തമജം വിഷ്ണും നമാമി പ്രഭുമവ്യയം"
ഏവം സ്തുതോഥ ഭഗവാൻ ദേവോ ധന്വന്തരിസ്തദാ
സ്തൂയമാനോഥ താൻ ദേവാനിത്യുവാച ശുഭം വചഃ:— 24

ശ്രീധന്വന്തരിഭഗവാൻ പറഞ്ഞു.

"മനോരഥാനാദിതേയാ അവാപ്സ്യഥ യഥേപ്സിതാൻ
താംസ്താൻ പ്രാപ്സ്യഥ ധർമ്മജ്ഞാഃ മൽപ്രസാദാന്ന സംശയഃ"
ഇതി ദത്വാ വരാൻ ദേവഃ ദേവേഭ്യോ വാഞ്ഛിതാൻ വിഭുഃ
പശ്യതാം സർവ്വദേവാനാം തത്രൈവാന്തരധീയത.

ഇങ്ങിനെ ശ്രീമത്സ്യപുരാണാന്തർഗ്ഗതമായ
ധന്വന്തരിസ്തോത്രം സമ്പൂർണ്ണം.

---

## ശ്രീധന്വന്തരിസ്തോത്രം

ശ്രീമാൻ കലയതു ശശ്വൽ ക്ഷേമം ധന്വന്തരിഃ സതാം ദേവഃ
കാമം സുരവരതത്യൈ കാമിതദാനായ ദുഗ്ധവാർദ്ധിഭവഃ. 1
കരധൃതദിവ്യസുധാവരകലശഃ പരിപൂർണ്ണഷഡ്ഗുണഃ ശ്രീശഃ
പരിഹൃതഭക്തക്ലേശഃ സുരുചിരതരകാന്തികാന്തവരവേഷഃ.
ഹൃതവതി കരധൃതകലശേ ദിതിസുതമുഖ്യൈഃ പ്രതിക്രിയാം തേഷാം
വ്യതനുത നിർജ്ജരതത്യൈ യോഷിദ്രൂപോ വിഭജ്യ പീയൂഷം. 3
വിശ്രുതവിലസൽകീർത്തിർഭക്താനന്ദപ്രദാനവരമൂർത്തിഃ
നിസ്തുലകരുണാശക്തിർഭാത്യേഷഃ ശ്രീഹരിഃ സ്വയം ജഗതി. 4
ആനതസജ്ജനപാതാ മൌനിപ്രവരാർത്തിജാതസംഹർത്താ
ജ്ഞാനിപ്രവരനിരന്തരഗാനാഹ്ലാദിതനിത്യസദ്വൃത്തഃ.

ആയുർവ്വേദാർത്ഥസാരം നിഖിലമുനിജന-
സ്തോമഭ്രാത്യൈ വിവൃണ്വൻ
ഭൂയഃ പത്മാസനാദ്യൈരുരുതരവചസാ
സംസ്തുതസ്സോവതാന്നഃ

ശ്രേയാൻ ക്ഷീരാബ്ധിജായാസ്സുരതരുമണിധേ-
ന്വാത്മനൈകൈകമഖിലേഭ്യോ
ഭക്തേഭ്യോ ദാതുമീഷ്ടേ ഭുവി ശമിഹ ഗദാ-
പായതഃ സംസ്മൃതോ യഃ.

സമാപ്തം

ശ്രീമദ്ഗാരുഡപുരാണത്തിലുള്ള

## ശ്രീധന്വന്തരിവ്രതകഥാ

ഋഷയ ഊചുഃ—

‘സൂത! സൂത! മഹാഭാഗ! സർവ്വശാസ്ത്രാർത്ഥകോവിദ!
ശ്രീമദ്ധന്വന്തരേഃ പൂജാവിധിർവ്വിസ്തരതസ്ത്വയാ 1
കഥിതശ്ശൃണ്വതാം തൃപ്തിർന്നൈവ ജാതാ മഹാമുനേ!
തഥാപി തസ്യ മാഹാത്മ്യം വിസ്തരാദ്വക്തുമർഹസി.’ 2
ഏവം പൃഷ്ടഃ പ്രത്യുവാച സാന്ത്വയൻ മുനിസത്തമഃ
“കഥാം പുരാതനീം പുണ്യാം ശ്രവണാത്സർവ്വകാമദാം. 3

---

സാരം—പണ്ടൊരിക്കൽ നൈമിശാരണ്യവാസികളായ ഋഷികൾ സൂതനോടു പറഞ്ഞു.

‘മഹാത്മാവായി സർവ്വശാസ്ത്രപാരംഗതനായിരിക്കുന്ന അല്ലയോ സൂത! ശ്രീധന്വന്തരിഭഗവാന്റെ പൂജാവിധി അങ്ങുന്നു വിസ്തരിച്ചു പറഞ്ഞുവല്ലോ. ആയതു കേട്ടിട്ടു ഞങ്ങൾക്കു തൃപ്തിയായിട്ടില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ അങ്ങുന്നു വിസ്തരിച്ചു പറയേണമേ.’ 2

ഇങ്ങിനെ ചോദിച്ചപ്പോൾ ആ മുനിശ്രേഷ്ഠൻ അവരെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു. “പുരാതനവും, പുണ്യകരവും, അഭീഷ്ടമെല്ലാം നൽകുന്നതും, എല്ലാ പാപങ്ങളേയും രോഗങ്ങളേ

ശൃണുധ്വം മുനയസ്സവ്വേ കഥാം പാപപ്രണാശിനീം
ശ്രവണാൽ സവ്വരോഗഘ്നീം ധന്വന്തരിസമുത്ഭവാം. 4
കദാചിന്നാരദോ യോഗീ സവ്വലോകഹിതേച്ഛയാ
പര്യ്യടൻ പൃഥിവീം സവ്വാം സാബ്ധിദ്വീപാം സപവ്വതാം. 5
തത്ര ദൃഷ്ട്വാ ജനാൻ സവ്വാൻ നാനാരോഗപ്രപീഡിതാൻ
ചിന്താക്രാന്തസ്സ്വർല്ലോകമാജഗാമ പുനഃ പുനഃ 6
തത്രാപി ദൃഷ്ട്വാ ശക്രാദീൻ നാനാരോഗസമന്വിതാൻ
ചിന്താമവാപ്യ മഹതീം മുഹുർമ്മുഹുരശോചത. 7
'പരിഭ്രാന്താ മയാ സവ്വേ ലോകാ ഭൂരാദികാഃ ക്രമാൽ
തത്രത്യാശ്ച ജനാസ്സവ്വേ ദൃഷ്ടാരോഗപ്രപീഡിതാഃ 8
അഹോ കഥമിമേ ലോകാ നീരോഗാസ്സ്യുസ്സുഹർഷിതാഃ'
ഇതി ചിന്താക്രാന്തചിത്തോ വൈകുണ്ഠം സമുപാഗമൽ. 9

---

യും നശിപ്പിക്കുന്നതുമായ ധന്വന്തരിഭഗവാനെസ്സംബന്ധിച്ച കഥയെ കേട്ടാലും. 4

'ഒരിക്കൽ നാരദമഹർഷി ലോകഹിതത്തിന്നായി സമുദ്രദ്വീപപവ്വതങ്ങളോടുകൂടിയ ഭൂമി മുഴുവനും സഞ്ചരിച്ചു. അവിടെ ജനങ്ങളെ പലവിധരോഗങ്ങളാൽ പീഡിതന്മാരായിക്കണ്ടിട്ട് ദുഃഖിതനായ മഹർഷി പിന്നെ ദേവലോകത്തിൽ ചെന്നു. 6 അവിടേയും ഇന്ദ്രൻ മുതലായ ദേവന്മാരെ പലവിധരോഗങ്ങളോടുകൂടിയവരായിക്കണ്ടിട്ട് അദ്ദേഹം അത്യന്തം വ്യസനിച്ച് ഇങ്ങിനെ വിചാരിച്ചു. 'ഞാൻ ഭൂലോകം മുതലായ എല്ലാ ലോകങ്ങളിലും ക്രമത്തിൽ സഞ്ചരിച്ചു. അവിടെയുള്ള ജനങ്ങൾ രോഗപീഡിതന്മാരായിക്കാണുന്നു. കഷ്ടം! ഈ ജനങ്ങളെല്ലാം എങ്ങിനെ രോഗമില്ലാത്തവരായി സന്തോഷിക്കും.' ഇങ്ങിനെ ചിന്താക്രാന്തനായി അദ്ദേഹം വൈകുണ്ഠത്തിലേക്കു ചെന്നു. 9

തത്ര ദൃഷ്ട്വാ ഹൃഷീകേശം ദിവ്യഭൂഷണഭൂഷിതം
ശംഖചക്രസുധാപാത്രാഭയഹസ്തം ദയാനിധിം 10
ശ്രീഭൂനീലാസേവിതാംഘ്രിം ദിവ്യഭോഗസമന്വിതം
പീതാംബരധരം ദേവം ശ്രീവത്സാങ്കിതവക്ഷസം 11
സനകാദിമുനിശ്രേഷ്ഠൈഃ സ്തൂയമാനം മുഹുർമ്മുഹുഃ
സിദ്ധചാരണഗന്ധർവ്വകിന്നരോരഗസേവിതം. 12
പ്രണിപത്യ മഹാത്മാനം സാഷ്ടാംഗം ഭക്തിസംയുതഃ
ബദ്ധാഞ്ജലിപുടോ ഭൂത്വാ സ്തോതും സമുപചക്രമേ. 13
ശ്രീനാരദ ഉവാച.
‘ദേവദേവ! ജഗന്നാഥ! ഭക്താനുഗ്രഹകാരക!
ദീനബന്ധോ! ദയാസിന്ധോ! ജഗത്ത്രാണപരായണ! 14
അവ്യാജകരുണാമൂർത്തേ! ശരണാഗതരക്ഷക!
പ്രപന്നം പാഹി മാം നിത്യം തവ പാദാബ്ജപൂജകം. 15

അവിടെ ശംഖം, ചക്രം, അമൃതപാത്രം, അഭയം എന്നിവയെ കൈകളിൽ ധരിച്ചിരിക്കുന്നവനായും, ദയാനിധിയായും, ശ്രീ ഭൂമി നീലാ എന്നിവരാൽ സേവിക്കപ്പെടുന്നവനായും, പീതാംബരധരനായും, ശ്രീവത്സശോഭിതമായ മാറിടത്തോടുകൂടിയവനായും, സനകൻ മുതലായ മുനിശ്രേഷ്ഠന്മാരാൽ സ്തുതിക്കപ്പെടുന്നവനായും, സിദ്ധചാരണഗന്ധർവ്വകിന്നരോരഗന്മാരാൽ സേവിതനായും ഇരിക്കുന്ന ഹൃഷീകേശനെ ദർശിച്ചു. അപ്പോൾ നാരദമഹർഷി മഹാത്മാവായ ആ ദേവനെ ഭക്തിയോടുകൂടി നമസ്കരിച്ചിട്ട് ബദ്ധാഞ്ജലിയായി സ്തുതിക്കുവാൻ ആരംഭിച്ചു. 13

ശ്രീനാരദൻ പറഞ്ഞു ‘അല്ലയോ ജഗന്നാഥ! ഭക്തന്മാർക്കനുഗ്രഹത്തെ ചെയ്യുന്നവനേ! ദീനബന്ധോ! ദയാസിന്ധോ! ജഗത്ത്രാണപരായണ! അവ്യാജകരുണാമൂർത്തേ! ശരണാഗതരക്ഷക! നിന്തിരുവടിയുടെ പാദാബ്ജപൂജയെ ചെയ്യുന്നവനായ എന്നെ രക്ഷിച്ചാലും. 15. ഞാൻ ഭൂലോകംമുതലായ എല്ലാ ലോകങ്ങ

പരിഭ്രാന്താ മയാ ലോകാസ്സർവ്വേ ഭൂരാദികാഃ ക്രമാൽ
തത്രത്യാശ്ച ജനാദൃഷ്ടാഃ നാനാവ്യാധിസമന്വിതാഃ 16
ജ്വരേണ കേചിന്നിഹതാഃ യക്ഷ്മണാ കേചിദാശ്രിതാഃ
അതിസാരശ്വാസകാസഗ്രഹണീപാണ്ഡുപീഡിതാഃ 17
വാതരോഗേണ ചാക്രാന്താഃ പാമാവിസ്ഫോടദൂഷിതാഃ
ഗ്രന്ഥികാദിമഹാസന്നിപാതമേഹാദിദൂഷിതാഃ 18
ഏവമാദിരുജാക്രാന്താനാനാദുഃഖസമന്വിതാഃ.
താൻ ദൃഷ്ട്വാ ജാതനിർവ്വേദശ്ചിന്തയിത്വാ പുനഃ പുനഃ 19
കഥം ത്വേതേ ജനാലോകേ നീരോഗാഃ സ്യുസ്സുഹർഷിതാഃ
ഇതി ചിന്താവ്യാകുലാത്മാ ത്വാമഹം ശരണം ഗതഃ 20
പ്രപന്നാൻ രക്ഷ വിശ്വാത്മൻ ലോകാൻ ഭൂരാദികൻ പ്രഭോ!
ത്വാമൃതേ ന ഹി കോപ്യസ്തി രക്ഷകോ ഭുവനത്രയേ' 21
ഇത്യാകർണ്ണ്യ വചസ്തസ്യ ഭഗവാൻ നാരദസ്യ തു
പ്രത്യുവാച പ്രസന്നാത്മാ മേഘഗംഭീരയാ ഗിരാ. 22

---

ളിലും ക്രമത്തിൽ സഞ്ചരിച്ചു. അവിടങ്ങളിൽ വസിക്കുന്ന ജനങ്ങൾ നാനാരോഗങ്ങളോടുകൂടിയവരായിക്കാണുന്നു. ചിലർ ജ്വരത്താലും മററു ചിലർ യക്ഷ്മാവിനാലും വേറെ ചിലർ അതിസാരം, ശ്വാസം, കാസം, ഗ്രഹണി, പാണ്ഡുരോഗം, വാതരോഗം, വിസ്ഫോടം, ഗ്രന്ഥി, സന്നിപാതം, പ്രമേഹം മുതലായ മഹാരോഗങ്ങളാലും ആക്രാന്തന്മാരായി ദുഃഖിതന്മാരായിരിക്കുന്നു. അങ്ങിനെയുള്ളവരെ കണ്ടിട്ട് അവർ എങ്ങിനെ രോഗം മാറി സന്തോഷിക്കുമെന്നു വീണ്ടും വീണ്ടും ആലോചിച്ച് വ്യാകുലചിത്തനായിട്ടു ഞാൻ നിന്തിരുവടിയെ ശരണംപ്രാപിച്ചിരിക്കുന്നു. അതുകൊണ്ട് അല്ലയോ വിശ്വാത്മാവായ മഹാപ്രഭോ! ഭൂലോകം മുതലായ ലോകങ്ങളിൽ വസിക്കുന്ന ജനങ്ങളെ രക്ഷിച്ചാലും. ഈ മൂന്നുലോകത്തിലും നിന്തിരുവടിയെക്കൂടാതെ രക്ഷകനായി മററാരുമില്ല.' 21

ഇങ്ങിനെ നാരദന്റെ വാക്കുകേട്ടിട്ടു പ്രസന്നാത്മാവായി

ശ്രീഭഗവാനുവാച—

'സമാശ്വസിഹി ഭദ്രം തേ മാ ഭീഃ കാര്യ്യാ മുനേ ത്വയാ
അഹം ധന്വന്തരിർഭൂത്വാ ചാധിഗമ്യ മരുത്വതഃ 23
ആയുർവ്വേദം കരിഷ്യാമി സർവ്വാൻ ലോകാൻ നിരാമയാൻ
ദേവപ്രാർത്ഥനയാ ഭൂയോ ദിവോദാസാഖ്യയാപ്യഹം 24
വാരാണസ്യാം ഭവിഷ്യാമി കാശിരാജാഖ്യയാ മുനേ
ആശ്വിനേ കൃഷ്ണപക്ഷേ തു ത്രയോദശ്യാം ദ്വിജോത്തമേ 25
ശതതാരാഖ്യനക്ഷത്രസംയുക്തേ ത്വാവതീര്യ്യ മുനേ പുനഃ
ആയുർവ്വേദസ്യ ചോദ്ധാരം കരിഷ്യാമ്യത്ര സംശയം 26
മാ കുരുഷ്വാത്ര ഭോ വത്സ സ്വസ്ഥസ്തിഷ്ഠ മമാഗ്രതഃ
ഇതി വിഷ്ണുമുഖോദ്ഗീതം വാക്യമാകർണ്ണ്യ നാരദഃ 27
പ്രത്യുവാച പ്രസന്നാത്മാ ഹൃഷീകേശം മുദാന്വിതഃ

നാരദ ഉവാച:—

ബ്രൂഹി മേ ഭഗവൻ പൂജാവിധാനം കീദൃശം ഭവേൽ 28

രിക്കുന്ന ഭഗവാൻ മേഘനാദംപോലെ ഗംഭീരമായി ഇങ്ങനെ പറഞ്ഞു. 'അല്ലയോ മുനേ! അങ്ങു സമാധാനത്തോടുകൂടിയിരിക്കൂ. അങ്ങേക്കു മംഗളം ഭവിക്കും ഭയപ്പെടേണ്ട. ഞാൻ ധന്വന്തരിയായി അവതരിച്ചിട്ട് ഇന്ദ്രനിൽനിന്ന് അദ്ധ്യയനം ചെയ്തിട്ട് സർവ്വലോകങ്ങളേയും നിരാമയങ്ങളാക്കിച്ചെയ്യാം. കൂടാതെ, ദേവന്മാരുടെ പ്രാർത്ഥനയാൽ ഞാൻ വാരാണസീനഗരത്തിൽ കാശിരാജാവായി ദിവോദാസൻ എന്ന പേരോടുകൂടി ആശ്വിനമാസത്തിൽ കൃഷ്ണപക്ഷത്രയോദശിയും ചതയം നക്ഷത്രവും കൂടിയ ദിവസത്തിൽ അവതരിച്ചിട്ട് ആയുർവ്വേദത്തെ ഉദ്ധരിപ്പിക്കാം. ഈ കാര്യത്തിൽ സംശയംവേണ്ടാ. അങ്ങു സ്വസ്ഥനായിരിക്കൂ'. ഇങ്ങിനെ ഭഗവാൻെറ വാക്കു കേട്ടിട്ട് നാരദൻ സന്തോഷത്തോടുകൂടി പറഞ്ഞു. 27

'അല്ലയോ ഭഗവാനേ! നിന്തിരുവടിയുടെ പൂജക്കുള്ള വി

കിം ധ്യാനം കിം ഫലം ചാസ്യ നിയമഃ കോത്ര വിദ്യതേ.
കഃ കാലഃ കേന ചോദീർണ്ണം കിം ദ്രവ്യം സുരസത്തമ, 29
കൃപയാ ദേവദേവേശ! ലോകാനുഗ്രഹകാംക്ഷയാ.

ശ്രീഭഗവാനുവാച:—

'മുനേ! ശൃണു പ്രവക്ഷ്യാമി കഥാം പാപപ്രണാശിനീം. 30
പൃഷ്ടാ ച യാ ത്വയാ വത്സ! ലോകാനാം ഹിതകാമ്യയാ.
ആശ്വിനേ കൃഷ്ണപക്ഷേ വൈ ത്രയോദശ്യാം ഗുരോർദ്ദിനേ. 31
ശതതാരർക്ഷസംയുക്തേ യാമേ പ്രാഥമികേ നിശി
ധന്വന്തര്യാഖ്യയാ ചാഹം ധനഗുപ്തവിമുക്തയേ. 32
അവതീർണ്ണോ യതസ്തസ്മാൽ സാ തിഥിസ്സർവ്വകാമദാ
ധനത്രയോദശീ ചേതി ഭൂമൌ പ്രഖ്യാതിമേഷ്യതി. 33

---

ധി എന്തെന്നും, ധ്യാനം എങ്ങിനെയെന്നും, അതിന്നുള്ള ഫലമെന്തെന്നും, നിയമം എന്താണെന്നും, കാലം ഏതാണെന്നും, ആരാലുണ്ടാക്കപ്പെട്ടുവെന്നും പൂജക്കുള്ള ദ്രവ്യം എന്താണെന്നും ലോകാനുഗ്രഹത്തിന്നായി അരുളിച്ചെയ്യേണമേ.' 29

ശ്രീഭഗവാൻ പറഞ്ഞു—"അല്ലയോ വത്സ ലോകഹിതത്തിന്നായി യാതൊന്നിനെ നീ ചോദിച്ചുവോ പാപപ്രണാശിനിയായ ആ കഥയെ ഞാൻ പറയാം. കേട്ടാലും. ആശ്വിനമാസത്തിൽ കൃഷ്ണപക്ഷത്തിൽ ത്രയോദശിയും ഗുരുവാരവും ചതയം നക്ഷത്രവും കൂടിയ ദിവസത്തിൽ രാത്രി ആദ്യയാമത്തിൽ ധനഗുപ്തന്റെ മുക്തിക്കായിക്കൊണ്ടു ഞാൻ അവതരിക്കയാൽ ആ തിഥി സർവ്വകാമങ്ങളെയും ദാനം ചെയ്യുന്നതാകുന്നു. ആ ദിവസത്തിന്നു ധനത്രയോദശി എന്നു ലോകത്തിൽ പ്രസിദ്ധിയുണ്ടാകും. ആ ദിവസത്തിൽ ചെയ്യുന്ന പൂജക്കു് അക്ഷയമായ ഫലം സിദ്ധിക്കുകയും ചെയ്യും. 33

തസ്മിൻ ദിനേ കൃതം പൂജാവിധാനം ത്വക്ഷയം ഭവേൽ

നാരദഉവാച:—

'ധനഗുപ്തോമഹാഭാഗഃ കുത്രാസീദപിസുരാർദന 34
വ്രതം കിമകരോൽ ബ്രൂഹി തവ ദർശനസിദ്ധയേ
കുതഃ പൂജിതവാനീശ! ഭവന്തം കരുണാർണ്ണവം 35
ഏതത്സർവ്വം മമ ബ്രൂഹി നാരായണ! ദയാനിധേ!'

ശ്രീഭഗവാനുവാച:—

'പുരാ പുരേവന്തികാഖ്യേ ധനഗുപ്താഖ്യയാ മഹാൻ
രാജാ ധർമ്മേണ മാർഗ്ഗേണ പ്രജാപാലനതല്പരഃ
സർവ്വലോകപ്രിയസ്സാധുരദീനാത്മാ വിചക്ഷണഃ 37
ഏവം ഗുണഗരിഷ്ഠോപി ധർമ്മമാർഗ്ഗൈകതല്പരഃ
സ രാജാ യക്ഷ്മണാ നിത്യം പീഡ്യമാനോ മുഹുർമ്മുഹുഃ 38
തച്ഛാന്ത്യൈ ജപഹോമാദിനിയമൈശ്ച തഥൌഷധൈഃ
ചികിത്സമാനോപ്യനിശം നൈവ സുസ്ഥോയദാഭവൽ 39

---

നാരദൻ പറഞ്ഞു 'ധനഗുപ്തൻ എന്ന മഹാൻ എവിടെ ഉണ്ടായിരുന്നു? അദ്ദേഹം നിന്തിരുവടിയെ ദർശിപ്പാനായി എന്തു വ്രതം അനുഷ്ഠിച്ചു? എന്തിനായി അദ്ദേഹം അങ്ങയെ പൂജിച്ചു? അല്ലയോ ദയാനിധിയായ നാരായണ! ഇതെല്ലാം വിസ്തരിച്ചരുളിച്ചെയ്യേണമേ.' 36

ശ്രീഭഗവാൻ പറഞ്ഞു.' 'പണ്ട് അവന്തിനഗരത്തിൽ ധനഗുപ്തൻ എന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ധർമ്മപ്രകാരം പ്രജകളെ പാലിക്കുന്നതിൽ താല്പര്യമുള്ളവനായും ലോകത്തിന്നു പ്രിയനായും, അദീനാത്മാവായും, സമർത്ഥനായുമിരുന്നു. ഇപ്രകാരമുള്ള ഗുണങ്ങൾ തികഞ്ഞവനാണെന്നു മാത്രമല്ല അദ്ദേഹം ധർമ്മമാർഗ്ഗത്തിൽമാത്രം തല്പരനുമായിരുന്നു. ആ

തദാ സ നിതരാം ഖിന്നശ്ചാനിശം പര്യദേവയൽ.
തസ്യ ഭാര്യാ സുശീലാഭൂൽ വിഖ്യാതാ ഭുവനത്രയേ 40
പതിവ്രതാ സദാചാരാ പതിഭക്തിപരായണാ
വ്രതോപവാസനിയമാൻ പതിക്ഷേമാഭികാംക്ഷിണീ. 41
ആചചാര ഭൃശം ദീനാ മഹാരോഗവിമുക്തയേ
തഥാപി നൈവ സ്വാസ്ഥ്യാഭൂൽ സാപ്യതീസാരപീഡിതാ.
ജജ്ഞിരേസ്യാം സുതാഃ പഞ്ച തസ്മാദ്രാജോത്തമാന്മുനേ!
ആമവാതപ്ലീഹകുഷ്ഠകാസശ്വാസൈഃ ക്രമാദമീ. 43
പീഡിതാഭൃശമത്യുഗ്രൈർന്ന പ്രാപ്യൻ രോഗനിർവൃതിം
ഏവം പത്നീം സുതാൻ ദൃഷ്ട്വാ രാജാ ചിന്താസമന്വിതഃ

---

രാജാവ് യക്ഷ്മാവ് എന്ന വ്യാധിയിൽ പീഡിതനായി. അതിന്റെ ശാന്തിക്കായി ജപഹോമാദിനിയമങ്ങളെ അനുഷ്ഠിക്കുകയും ഔഷധങ്ങളെക്കൊണ്ടു ചികിത്സിക്കുകയും ചെയ്തിട്ടും സ്വാസ്ഥ്യം ലഭിച്ചില്ല. അതുകൊണ്ട് അദ്ദേഹം വളരെ ഖിന്നനായി എപ്പോഴും വിലപിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ സുശീലയെന്നു ലോകംമുഴുവൻ പ്രസിദ്ധിയുള്ള ഒരു ഗുണവതിയായിരുന്നു. അവൾ പതിവ്രതയും സദാചാരത്തോടുകൂടിയവളും ഭർത്തൃഭക്തിയിൽത്തന്നെ താല്പര്യമുള്ളവളുമായിരുന്നു. അവൾ ഭർത്താവിന്റെ ക്ഷേമത്തിന്നും രോഗനിവൃത്തിക്കും വേണ്ടി വ്രതോപവാസനിയമങ്ങൾ വളരെ അനുഷ്ഠിച്ചു. എന്നിട്ടും അദ്ദേഹത്തിന്നു സ്വാസ്ഥ്യമുണ്ടായില്ലെന്നു മാത്രമല്ല അവൾക്ക് അതിസാരം പിടിപെടുകയും ചെയ്തു. ആ രാജാവിന്ന് അവളിൽ അഞ്ചു പുത്രന്മാരുണ്ടായി. ഇവൎക്ക ക്രമത്തിൽ ആമവാതം, പ്ലീഹരോഗം, കുഷ്ഠം, കാസം, ശ്വാസം എന്നീ കഠിനരോഗങ്ങൾ ബാധിച്ചു. ആ രോഗങ്ങൾക്കും നിവൃത്തിമാൎഗ്ഗം കണ്ടില്ല. ഇങ്ങിനെ ഭാൎയ്യയേയും പുത്രന്മാരേയും രോഗബാധിതരായിക്കണ്ട് രാജാവ് ഏററവും ദുഃഖിതനായി 'ഈ രോഗസമുദ്രത്തിൽ

കഥന്തേ പതേ വിമുക്താഃ സ്യൂ രോഗവാരിനിധേഃ പുനഃ
ഇതി ചിന്താപരീതാത്മാ ജഗാമ ഗഹനം വനം. 45
തത്രാപശ്യത്സമാസീനം ഭരദ്വാജം മഹാമുനിം
പ്രണിപത്യ മുനിം ഭക്ത്യാ സാഷ്ടാംഗം നൃപസത്തമഃ 46
തസ്മൈ നിവേദ്യ സ്വോദന്തം പരിഹാരമപൃച്ഛത
രാജാത്യന്തശുചാക്രാന്തഃ സ്വാത്മനഃ ശ്രേയസേ യഥാ. 47

ഋഷിരുവാച:—

രാജൻ ജ്ഞാതസ്ത്വദുദന്തഃ ശരണം യാഹി നാചിരാൽ
ധന്വന്തരിം മഹാവിഷ്ണും ജരാരോഗപ്രണാശനം 48
തസ്യ ദർശനമാത്രേണ നരസ്സംസാരബന്ധനാൽ
സദ്യോ വിമുച്യതേ ഘോരാദ്ദുസ്തരാദ്വ്യാധിസാഗരാൽ. 49
ഇതി വാക്യം സമാകർണ്യ നൃപഃ പുനരുവാച തം
ഭഗവൻ സമ്യഗാഖ്യാഹി വിധിം തസ്യ മഹാത്മനഃ 50

നിന്ന് ഇവരെ എങ്ങിനെ മോചിപ്പിക്കാം' എന്നു ചിന്താക്രാന്തനായിട്ടു ഗഹനമായ വനത്തെ പ്രാപിച്ചു. 45

അവിടെ രാജാവു ഭരദ്വാജമഹർഷിയെ കണ്ടെത്തി. അദ്ദേഹം മുനിയെ സാഷ്ടാംഗം നമസ്കരിച്ച് തന്റെ ദുഃഖവൃത്താന്തം മുഴുവനും ഉണർത്തിച്ച് അതിനു പരിഹാരമാർഗ്ഗം അരുളിച്ചെയ്യേണമെന്നപേക്ഷിച്ചു. 47

ഋഷി പറഞ്ഞു. 'അല്ലയോ രാജാവേ! അങ്ങയുടെ വർത്തമാനം അറിഞ്ഞു. ഭഗവാൻ ജരാരോഗനാശനനായ ധന്വന്തരിയാകുന്ന മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചാലും. അദ്ദേഹത്തിന്റെ ദർശനമാത്രത്താൽ മനുഷ്യൻ സംസാരബന്ധത്തിൽനിന്നും ദുസ്തരമായി ഘോരമായിരിക്കുന്ന വ്യാധിസമുദ്രത്തിൽനിന്നും മോചിക്കപ്പെടുന്നു'. ഇങ്ങിനെ മഹർഷിയുടെ വാക്കു കേട്ടിട്ട് രാജാവു പിന്നേയും പറഞ്ഞു 'അല്ലയോ ഭഗവാൻ! അദ്ദേഹത്തിന്റെ ഉപാസനാവിധിയെ വേണ്ടുംവണ്ണം പറഞ്ഞുതരേണമേ'. 50

ഭരദ്വാജ ഉവാച.

'രാജൻ ശൃണു മഹാഭാഗ! വിധിം തസ്യ വദാമ്യഹം
സാവധാനേന മനസാ കഥ്യമാനം നിബോധ മേ. 51
ആശ്വിനേ കൃഷ്ണപക്ഷേ തു ത്രയോദശ്യാം ശുഭേ ദിനേ
ഉത്ഥായാവശ്യകം കർമ്മ നിർവൃത്യ സ്നാനമാചരേൽ. 52
നദ്യാദൌ വിമലേ പുണ്യേ സ്നാത്വാ ധൃത്വാ ച വാസസീ
ധ്യാത്വാ ധന്വന്തരിം ദേവം ഗുരുണാദിഷ്ടമാർഗ്ഗതഃ 53
മന്ത്രേണാനേന സംപ്രാർത്ഥ്യ ഗൃഹ്ണീയാദ് വ്രതമുത്തമം
"കരിഷ്യാമി വ്രതം ദേവ ത്വൽഭക്തസ്ത്വൽപരായണഃ 54
ശ്രിയം ദേഹി ജയം ദേഹി ആരോഗ്യം ദേഹി മേ പ്രഭോ"
ഇതി സംപ്രാർത്ഥ്യ ദേവേശം ഗൃഹമാഗത്യ ഭക്തിതഃ 55
സംഭാരാൻ കല്പയിത്വാ തു ശ്രദ്ധാഭക്തിസമന്വിതഃ
സംപൂജ്യ ദേവദേവേശം സുരാസുരനമസ്കൃതം. 56

---

ഭരദ്വാജൻ പറഞ്ഞു:—"രാജാവേ! ആ വിധിയെ ഞാൻ പറയാം. സാവധാനമായി കേൾക്കുക. ആശ്വിനമാസത്തിൽ കൃഷ്ണപക്ഷത്രയോദശിയാകുന്ന ശുഭദിനത്തിൽ കാലത്തുതന്നെഴുന്നേററ് ആവശ്യകർമ്മങ്ങൾ നിർവ്വഹിച്ചശേഷം നദിയിലോ മററു വല്ല നിർമ്മലജലാശയത്തിലോ സ്നാനംചെയ്തു കോടി ഇണമുണ്ടുടുത്തു ഗുരൂപദേശപ്രകാരം ധന്വന്തരിഭഗവാനെ ധ്യാനിച്ച് താഴെ പറയുന്ന മന്ത്രംചൊല്ലി പ്രാർത്ഥിച്ച് വ്രതം സ്വീകരിക്കണം. 54. അല്ലയോ ഭഗവാനേ! ഞാൻ ഭക്തിയോടുകൂടി ഭവാനെത്തന്നെ ആശ്രയിച്ച് വ്രതത്തെ അനുഷ്ഠിക്കുന്നു. എനിക്ക് ശ്രീയും ജയവും ആരോഗ്യവും നൽകേണമേ". ഇങ്ങിനെ പ്രാർത്ഥിച്ച് ഭക്തിയോടുകൂടി വീട്ടിലേക്കു മടങ്ങി എത്തിയശേഷം ശ്രദ്ധാഭക്തികളോടുകൂടെ വേണ്ടുന്ന സാധനങ്ങളൊക്കെ ഒരുക്കി വെക്കുക. പിന്നെ സുരാസുരവന്ദിതനായ ധന്വന്തരിഭഗവാനെ ധ്യാനാവാഹനങ്ങളോടുകൂടിയും ഷോഡശോപചാരങ്ങളോടുകൂടി

ഉപചാരൈഃ ഷോഡശൈശ്ച ധ്യാനാവാഹനപൂർവ്വകം
സംപൂജ്യ ദോരകം കുര്യാത്ത്രയോദശഗുണൈര്യുതം. 57
ബധ്നീയാദ്ദക്ഷിണേ ഹസ്തേ മന്ത്രേണാനേന മാനവഃ
"ധന്വന്തരേ! മഹാഭാഗ! ജരാരോഗനിവാരക! 58
ദോരരൂപേണ മാം പാഹി സകുടുംബം ദയാനിധേ!
ആധിവ്യാധിജരാമൃത്യുഭയാദസ്മാദഹന്നിശം. 95
പീഡ്യമാനം ദേവദേവ! രക്ഷ മാം ശരണാഗതം"
ഇതി മന്ത്രേണ സംബദ്ധ്യ ദേവായാഥ നിവേദയേൽ. 60
"ചതുർല്ലോകഹിതാർത്ഥായ ചായുർവ്വേദാഭിവൃദ്ധയേ
ജരാമരണനാശായ മാനവാനാം ഹിതായ ച. 61
ദുഷ്ടാനാം നിധനായാഥ ജാത ധന്വന്തരേ പ്രഭോ.
ഗൃഹാണാർഘ്യം മയാ ദത്തം ദേവദേവ! കൃപാകര!" 62
ഇതി സംപ്രാർത്ഥ്യ വിപ്രായ ദദ്യാദ്വായനകം നൃപ!
ഗോധൂമചൂർണ്ണം ദധിപ്രസ്ഥം ക്ഷീരം തദ്വിഗുണം സ്മൃതം. 63

---

ഷ്യം പൂജിച്ചിട്ട് പതിമൂന്നുപിരിയുള്ള ദോരകം (മഞ്ഞച്ചരട്) താഴെ പറയുന്ന മന്ത്രം ജപിച്ചു വലത്തുകയ്യിൽ കെട്ടുക. 57

"ജരാരോഗങ്ങളെ നശിപ്പിക്കുന്ന ഹേ ധന്വന്തരിഭഗവൻ! ദോരകരൂപത്തോടുകൂടി എന്നേയും കുടുംബത്തേയും രക്ഷിക്കേണമേ. ആധിവ്യാധിജരാമൃത്യുഭയത്താൽ പീഡിതനായി ശരണാഗതനായിരിക്കുന്ന എന്നെ രക്ഷിക്കേണമേ." ഇങ്ങിനെ ദോരകം ബന്ധിച്ചശേഷം താഴേ പറയുന്ന മന്ത്രം ജപിച്ച് ദേവന്ന് അർഘ്യം സമർപ്പിക്കണം. 60

'നാലുലോകങ്ങളുടെ ഹിതത്തിന്നും ആയുർവ്വേദത്തിന്റെ അഭിവൃദ്ധിക്കും ജരാമരണങ്ങളെ നശിപ്പിക്കുന്നതിന്നും മനുഷ്യന്മാരുടെ നന്മക്കും ദുഷ്ടനിഗ്രഹത്തിന്നും വേണ്ടി അവതരിച്ച അല്ലയോ ധന്വന്തരിഭഗവാനേ! ഞാൻ തരുന്ന ഈ അർഘ്യത്തെ സ്വീകരിക്കേണമേ' ഇങ്ങിനെ പ്രാർത്ഥിച്ചിട്ട് ബ്രാഹ്മണന്ന് ദക്ഷിണകൊടുക്കുകയും വേണം. 63

ചതുർഗ്ഗുണഘൃതേ പാച്യം ശർക്കരാം ചൈവ ഷഡ്ഗുണാം
പ്രക്ഷിപ്യ സമ്യക് പചനം തദുദ്ധൃത്യൈതാനി നിക്ഷിപേൽ.
കുങ്കുമം ഘനസാരം ച ഏലാം ദ്രാക്ഷാം ലവംഗകം
ജാതീപത്രം ച വാതാമം ക്ഷിപൻ സമ്യക് പ്രകല്പയേൽ. 65
ഏവം സിദ്ധം തദുദ്ധൃത്യ ഗൃഹീതാർദ്ധം നിവേദ്യ ച
വിപ്രായ വേദവിദുഷേ സ്വയം ചാർദ്ധം നരാധിപ! 66
ദാരപുത്രാദിസംയുക്തഃ സ്വയം ഭുഞ്ജീത മാനവഃ
ഏവം കൃതേ വ്രതേ രാജൻ! സാക്ഷാദ്ധന്വന്തരിസ്സ്വയം. 67
ആവിർഭൂയ തവാഭീഷ്ടമചിരാത്സംവിധാസ്യതി
ഇത്യുക്ത്വാ വിരരാമാഥ ഭരദ്വാജോ മഹാമുനിഃ 68
ശ്രീസൂത ഉവാച:—
രാജാ തു മുനിനാദിഷ്ടമാർഗ്ഗേണ വിധിവദ് വ്രതം
ഭക്ത്യാചരത്സപത്നീകഃ ത്രയോദശ സമാ നൃപഃ 69

---

ഗോതമ്പുപ്പൊടി രണ്ടിടങ്ങഴി, അതിന്നിരട്ടി പാലിൽ തിളപ്പിച്ചിട്ടു നാലിരട്ടി നെയ്യും ആറിരട്ടി പഞ്ചസാരയും ചേർത്ത് ഇളക്കി പാകമായാൽ ഇറക്കിവെച്ച് കുങ്കുമപ്പൂ, പച്ചക്കർപ്പൂരം, ഏലത്തരി, മുന്തിരിങ്ങപ്പഴം, ലവംഗം, ജാതിപത്രി, ബദാംപരിപ്പ് ഇവ കൂട്ടിയിളക്കിച്ചേർക്കുക. ഇതിൽനിന്നു പകുതി വേദജ്ഞനായ ബ്രാഹ്മണന്നു കൊടുക്കുകയും, മറേറഭാഗം ദേവന്നു നിവേദിച്ചശേഷം താൻ ഭാര്യാപുത്രാദികളോടുകൂടി ഭക്ഷിക്കുകയും വേണം. ഇപ്രകാരം വ്രതം അനുഷ്ഠിച്ചാൽ ശ്രീധന്വന്തരിഭഗവാൻ സ്വയം പ്രത്യക്ഷനായി അങ്ങയുടെ അഭീഷ്ടത്തെ സാധിപ്പിക്കുകയും ചെയ്യും.' എന്നു മഹർഷി പറഞ്ഞു. 68

ആ രാജാവ് മുനിയാൽ ഉപദേശിക്കപ്പെട്ടപ്രകാരം സഭാര്യനായി ഭക്തിയോടുകൂടി പതിമൂന്നുകൊല്ലം വ്രതം അനുഷ്ഠിച്ചു. അനന്തരം ഒരിക്കൽ അദ്ദേഹത്തിന്റെ ഭക്തികൊണ്ടു പ്രീതനായ ധന്വന്തരിഭഗവാൻ സ്വയം പ്രത്യക്ഷനായിട്ട് ഇങ്ങിനെ അ

തതഃ കദാചിദ്ദിവസേ സാക്ഷാദ്ധന്വന്തരിസ്സ്വയം
പ്രത്യക്ഷഃ പ്രാഹ കൃപയാ തൽഭക്തിപരിതോഷിതഃ 70
വരം വരയ ഭദ്രം തേ മാ ഭീഃ കാൎയ്യാ ത്വയാ നൃപ!
ഇത്യുക്തവന്തം തം പ്രാഹ രാജാത്യന്തതോഷിതഃ 71
സാഷ്ടാംഗം പ്രണിപത്യാഹ തം മുദാ രാജസത്തമഃ
നാനാവിധൈഃ സ്തോത്രജാലൈഃ വൈദികാഗമസംഭവൈഃ 72
തദാലോകനസംജാതപുളകഃ സ്തോതുമാരഭേ:—
ധന്വഗുപ്ത ഉവാച:—
ധന്വന്തരേ നമസ്തുഭ്യം നമോ ബ്രഹ്മാണ്ഡനായക! 73
സുരാസുരാരാധിതാംഘ്രേ നമോ വേദൈകഗോചര
ആയുൎവ്വേദസ്വരൂപായ നമസ്തേ ജഗദാത്മനേ. 74
പ്രപന്നം പാഹി ദേവേശ! ജഗദാനന്ദദായക!
ദയാനിധേ! മഹാദേവ! ത്രാഹി മാമപരാധിനം. 75

---

രുളിച്ചെയ്തു. 'അല്ലയോ രാജാവേ! ഭയപ്പെടേണ്ട. അങ്ങേക്ക മംഗളം ഭവിക്കും. അങ്ങ് വരത്തെ വരിച്ചാലും.' ഇതു കേട്ടിട്ട് രാജാവ് അത്യന്തം സന്തുഷ്ടനായി ഭഗവാനെ സാഷ്ടാംഗം നമസ്കരിച്ചിട്ട് വൈദികാഗമസംഭവങ്ങളായ പലവിധസ്തോത്രങ്ങളാൽ സ്തുതിച്ചിട്ട് ഭഗവദ്ദർശനത്താലുണ്ടായ രോമാഞ്ചത്തോടുകൂടിയവനായി പിന്നെയും ഇങ്ങിനെ സ്തുതിച്ചു. 'ധന്വന്തരേ! അങ്ങേക്ക നമസ്കാരം. ബ്രഹ്മാണ്ഡനായകനായ അങ്ങേക്ക നമസ്കാരം. സുരാസുരന്മാരാൽ പൂജിക്കപ്പെടുന്ന പാദപത്മങ്ങളോടുകൂടിയ അവിടേക്ക നമസ്കാരം. വേദങ്ങളാൽമാത്രം കാണപ്പെടുന്നവനായ അങ്ങേക്ക നമസ്കാരം. ആയുൎവ്വേദസ്വരൂപനായി ജഗദാത്മാവായിരിക്കുന്ന അവിടേക്ക നമസ്കാരം. ജഗത്തിന്ന് ആനന്ദത്തെ നല്കുന്നവനേ! ശരണാഗതനായ എന്നെ രക്ഷിച്ചാലും. ദയാനിധിയായിരിക്കുന്ന മഹാദേവ! അപരാധിയായ എന്നെ രക്ഷിക്കേണമേ. ജന്മമൃത്യുജരാരോഗങ്ങളാൽ പീഡിതന്മാരായിരിക്കുന്ന എന്നെ

ജന്മമൃത്യുജരാരോഗൈഃ പീഡിതം സകുടുംബിനം.
ഇതി സ്തുവന്തമാകർണ്യ ഭഗവാൻ ഭൂതഭാവനഃ 76
പ്രാദുർഭൂതഃ മഹാരാജം മേഘഗംഭീരയാ ഗിരാ
പ്രോവാച ദേവദേവേശഃ മന്ദസ്മേരമുഖാംബുജഃ 77

ശ്രീഭഗവാനുവാച:—

സാധുസാധു മഹാരാജ തുഷ്ടോഽഹമനയാ ഗിരാ
വരം വരയ ഭദ്രം തേ യത്തേ മനസി വർത്തതേ. 78

രാജോവാച:—

യദി തുഷ്ടോസി ഭഗവൻ ദേവദേവ മഹേശ്വര
ദേഹി മേ താവദാരോഗ്യം ദാരപുത്രാന്വിതസ്യ മേ. 79
ഇത്യാകർണ്യ വചസ്തസ്യ ഭൂപതേർഭഗവാൻ ഹരിഃ
ഉവാച തം മഹാരാജം കരുണാമൃതസാഗരഃ 80
യൽ പ്രാർത്ഥ്യതേ ത്വയാ ഭൂപ തത്തഥൈവ ഭവിഷ്യതി
വരമന്യം പ്രയച്ഛാമി ശൃണുഷ്വാവഹിതോ മമ. 81
വ്രതം യേത്വാചരന്തീഹ ത്വയാചരിതമാർഗ്ഗതഃ
ദാസ്യാമി തേഷാമാരോഗ്യം തഥാ ഭക്തിം മയിസ്ഥിരാം. 82

---

യും എന്റെ കുടുംബത്തേയും രക്ഷിക്കേണമേ. ഇങ്ങിനെ സ്തുതിച്ചപ്പോൾ സന്തുഷ്ടനായ ഭഗവാൻ മന്ദസ്മിതത്തോടുകൂടി അരുളിച്ചെയ്തു. 'അല്ലയോ രാജാവേ! അങ്ങയുടെ വാക്കുകൾ കേട്ട് ഞാൻ സന്തുഷ്ടനായിരിക്കുന്നു. അങ്ങയുടെ മനസ്സിലുള്ള ആഗ്രഹമെന്തെന്നാൽ അതിനെ വരിച്ചാലും.' 78

രാജാവു പറഞ്ഞു:—'ഭഗവൻ! നിന്തിരുവടി സന്തുഷ്ടനായിട്ടുണ്ടെങ്കിൽ ഭാര്യാപുത്രന്മാർക്കും എനിക്കും ആരോഗ്യത്തെ തന്നാലും.' ഇങ്ങിനെ അപേക്ഷിച്ചതു കേട്ടിട്ട് ശ്രീധന്വന്തരി പറഞ്ഞു 'അങ്ങ് ആവശ്യപ്പെട്ടത് അപ്രകാരംതന്നെ സംഭവിക്കും. ഞാൻ മറെറാരു വരംകൂടി നല്കുന്നുണ്ട്. യാതൊരുത്തർ അങ്ങ് അനുഷ്ഠിച്ചവിധം ഈ വ്രതം അനുഷ്ഠിക്കുന്നുവോ അവർക്കു ഞാൻ ആരോഗ്യത്തേയും എന്നിൽ ദൃഢഭക്തിയേയും നൽകുന്നതാകുന്നു'. ഇ

ശ്രീസൂതഉവാച

ഇത്യുക്ത്വാന്തർദ്ദധേ ദേവസ്സ്തൂയമാനോ മഹർഷിഭിഃ
രാജാ സന്തുഷ്ടഹൃദയസ്സ്വാം പുരീമഭ്യഗാൽ പുനഃ 83
സ്തുവൻ ധന്വന്തരിം ദേവം പീയൂഷാങ്കിതഹസ്തകം
ദാരപുത്രാന്വിതോ നിത്യം സംസ്മരൻ വിഷ്ണുമവ്യയം. 84
ഭുക്ത്വേഹ ഭോഗാൻ വിവിധാനന്തേ തൽപദവീംയയൌ
ധനഗുപ്തോ മഹാഭാഗഃ ധന്വന്തരികൃപാവശാൽ 85
അലഭൽ ശാശ്വതം സ്ഥാനം ദേവൈരപി ദുരാസദം
ഇതി വോദ്യ മയാഖ്യാതഃ ധന്വന്തരിസമുത്ഭവഃ 86
ശ്രവണാൽ സർവ്വപാപഘ്നഃ ഭൂയഃ കിമു വദാമ്യഹം.

ഇതി ശ്രീഗാരുഡപുരാണേ ശ്രീധന്വന്തരിവ്രതകഥാ
സമാപ്താ.

---

ഇങ്ങിനെ അരുളിച്ചെയ്തിട്ട് ആ ദേവൻ മഹർഷികളാൽ സ്തുതിക്കപ്പെട്ടുന്നവനായി അന്തർദ്ധാനം ചെയ്തു. രാജാവ് സന്തുഷ്ടനായിട്ട് സ്വനഗരത്തിലേക്കു മടങ്ങിപ്പോകയും ചെയ്തു.

പിന്നെ ധനഗുപ്തമഹാരാജാവ് ഭാര്യാപുത്രന്മാരോടുകൂടെ നിത്യം ധന്വന്തരിഭഗവാനെ സ്തുതിക്കുകയും, സ്മരിക്കുകയും ചെയ്തുകൊണ്ടു പലവിധഭോഗങ്ങൾ അനുഭവിച്ച് വളരെക്കാലം ജീവിച്ചിരുന്നു. ഒടുവിൽ ദേവന്മാർക്കുപോലും ദുർല്ലഭമായ വിഷ്ണുസായൂജ്യത്തെ പ്രാപിക്കയും ചെയ്തു. ഇങ്ങിനെ ധന്വന്തരിയുടെ അവതാരകഥ ഞാൻ നിങ്ങളോടു പറഞ്ഞു. ഇതു കേൾക്കുന്നതിനാൽ പാപങ്ങളെല്ലാം നശിക്കുന്നതാകുന്നു.”

ഇങ്ങിനെ ശ്രീമദ് ഗാരുഡപുരാണത്തിൽ
ശ്രീധന്വന്തരിവ്രതകഥ
അവസാനിച്ചു.